# E. S. D. GUIDE

To

## Kerala Patavali

## FOR FORM III

The Educational Supplies Depot,
Trivandrum.

# തേഡ്ഫാറം
# കേരളപാഠാവലി
## (വ്യാഖ്യാനം)

ഗ്രന്ഥകത്താ.
ജി. വൈദ്യനാഥയ്യർ, M. A.

ദി എഡ്യൂക്കേഷണൽ സപ്ലൈസ് ഡിപ്പോ
തിരുവനന്തപുരം

അണ 8

# കേരളപാഠാവലി

(വ്യാഖ്യാനം)

(ഫാറം III)

## 1 ഒരു പാവനസ്മരണ

ഭാരതത്തിലെ ആബാലവൃദ്ധം ജനങ്ങളുടെ ആരാധനാപാത്രമായ മഹാത്മാഗാന്ധി തെക്കെ ആഫ്രിക്കയിൽ താമസിച്ചിരുന്ന കാലത്തു നടന്ന ഒരു സംഭവമാണ് ഈ പാഠത്തിൽ വിവരിച്ചിരിക്കുന്നത്. ഗാന്ധിജിതന്നെ അദ്ദേഹത്തിന്റെ ജീവിതത്തിലെ പ്രധാന സംഭവങ്ങളെ വിഷയമാക്കി ഒരു ഗ്രന്ഥം എഴുതിയിട്ടുണ്ട്. ഈ പാഠം അതിൽനിന്ന് എടുത്തുചേർത്തിട്ടുള്ളതത്രെ.

വിവിധ സംഭവങ്ങൾ=പല പ്രകാരത്തിലുള്ള സംഭവങ്ങൾ. ഘടനാവിശേഷം=വിശേഷരീതിയിലുള്ള ചേർച്ച. സമ്പർക്കം=സംസർഗ്ഗം. ആസ്പദം=സ്ഥാനം. സ്വദേശീയർ=തന്റെ ദേശത്തിലുള്ളവർ. വിദേശീയർ=അന്യദേശത്തിലുള്ളവർ. അഹിംസ=പരപീഡ ചെയ്യാതിരിക്കുക. ബ്രഹ്മചര്യം=വിചാരത്തിലും വാക്കിലും പ്രവൃത്തിയിലുമുള്ള ചാരിത്രശുദ്ധി; വിഷയാദിചിന്തകൂടാതെ ഈശ്വരനിൽ മനസ്സിനെ നിലനിറുത്തുന്ന അവസ്ഥ. അപരിഗ്രഹം=ഏതവസ്ഥയിലും ഒരു ദാനവും സ്വീകരിക്കാതിരിക്കുക. നിരന്തരം=ഇടവിടാതെ. ആസ്പദമാക്കി=വിഷയമാക്കി. പഞ്ചമർ=അധഃകൃതർ, അർഹത=യോഗ്യത. അന്ധപ്രേമം=മൂഢപ്രേമം. കാരുണ്യ....വറ്റി=ദയലേശം ഇല്ലാതായി. നിസ്തുലം=തുല്യമില്ലാത്ത. സഹനശക്തി=സഹിക്കാനുള്ള ശക്തി. നിർവികാരനായി=വികാരത്തിനധീനനാകാതെ. കാമാന്ധൻ=കാമംനിമിത്തം കണ്ണുകാണാത്തവൻ.

നിസ്സ്വാർത്ഥരായി=സ്വാർത്ഥം കരുതാതെ. പരിചാരിക=പരിചാരകന്റെ സ്ത്രീലിംഗരൂപം—ശുശ്രൂഷിക്കുന്നവൾ. കാമചോദനകൾ=കാമത്താലുള്ള പ്രേരണകൾ. ആനന്ദപ്രദായകം=ആനന്ദത്തെ നൽകുന്നത്. പാവനസ്മരണ=പവിത്രമായ ഓർമ്മ. മാതൃകാദമ്പതികൾ=അനുകരണയോഗ്യരായ ഭാര്യാഭർത്താക്കന്മാർ. ആദർശൈക്യം=ഒരേതരത്തിലുള്ള ആദർശം. അനുഗൃഹീത=അനുഗ്രഹിക്കപ്പെട്ടവൾ. നിയമനം ചെയ്യുക=അടക്കുക. പ്രതിബന്ധം=തടസ്സം.

1. 'ഒരു പാവനസ്മരണ' എന്ന പേർ ഈ പാഠത്തിന് എങ്ങനെ യോജിക്കുന്നു എന്നു പറക.

2. ജാതിമതഭേദം ഗണിക്കാത്ത ഒരു മഹാനായിരുന്നു ഗാന്ധിജി എന്ന് തെളിയിക്കുക.

3. ഗാന്ധിജി അദ്ദേഹത്തിന്റെ ഭാര്യയുമായി കലഹിയ്ക്കുവാനിടയായ സംഭവം വിവരിച്ച് അതിൽ ഭാര്യയ്ക്കു വിജയം സിദ്ധിച്ചതെങ്ങനെയെന്നു വിശദമാക്കുക.

4. ഗാന്ധിജിയുടെ കുടുംബജീവിതം ആനന്ദപ്രദായകമായതെങ്ങനെ?

---

# 2. ബന്ധനസ്ഥനായ ഹനുമാൻ

എഴുത്തച്ഛന്റെ അദ്ധ്യാത്മരാമായണം സുന്ദരകാണ്ഡത്തിൽനിന്ന് എടുത്തിട്ടുള്ളതാണ് ഈ പാഠം. സുഗ്രീവനിയോഗമനുസരിച്ച് സീതാന്വേഷണത്തിനായി ദക്ഷിണദിക്കിലേക്കു തിരിച്ച വാനരന്മാരിൽ ഒരുവനായ ഹനുമാൻ സമുദ്രതരണംചെയ്ത് ലങ്കയിൽ പ്രവേശിച്ച് സീതയെ സന്ദർശിച്ചതിനുശേഷം അവിടെയുള്ള ഉദ്യാനത്തിനു ഭംഗം വരുത്തുകയും അസംഖ്യം രാക്ഷസവീര

ന്മാരെയും അക്ഷകുമാരനേയും നിഗ്രഹിക്കുകയും ചെയ്കയാൽ രാവണപുത്രനായ ഇന്ദ്രജിത്ത് ആ വാനരശ്രേഷ്ഠനെ ബ്രഹ്മാസ്ത്രം കൊണ്ടുബന്ധിച്ച് അച്ഛന്റെ മുമ്പിൽ വയ്ക്കുന്നു. തദനന്തരമുള്ള കഥാഭാഗമാണ് ഈ പാഠത്തിൽ വിവരിച്ചിരിക്കുന്നത്.

1—20. അനിലജൻ=വായുപുത്രൻ (ഹനൂമാൻ). അനിലൻ=വായു. അനലൻ=അഗ്നി. നിശിചരകുലാധിപൻമുമ്പിൽ=രാക്ഷസവംശത്തിന് അധിപനായ രാവണന്റെ മുമ്പിൽ. നിശിചാർ=രാത്രിയിൽ സഞ്ചരിക്കുന്നവർ—രാക്ഷസർ. കുലം=വംശം. ആദിതേയാധിപാരാതി=ആദിതേയ(ദേവ)ന്മാരുടെ അധിപന്റെ (ഇന്ദ്രന്റെ) അരാതി (ശത്രു—(ഇന്ദ്രജിത്തെന്നർത്ഥം). അമിതനിശാചരവരരെ=അസംഖ്യം രാക്ഷസശ്രേഷ്ഠന്മാരെ. രണശിരസി=യുദ്ധത്തിൽ. ആശു=വേഗത്തിൽ. വിരിഞ്ചാസ്ത്രബദ്ധൻ=ബ്രഹ്മാസ്ത്രത്താൽ കെട്ടപ്പെട്ടവൻ. പ്ലവഗകുലവരൻ=വാനരശ്രേഷ്ഠൻ. പ്രത്യർത്ഥിവർഗ്ഗം=ശത്രുസമൂഹം. അന്തകൻ=കാലൻ. നിജതനയവചനം=തന്റെ മകന്റെ (ഇന്ദ്രജിത്തിന്റെ) വാക്ക്. ഇതി=ഇങ്ങനെ. ദശാനനൻ=രാവണൻ. പ്രഹസ്തൻ=രാവണന്റെ മന്ത്രിമാരിൽ പ്രമാണി. ഓർത്തു=ആലോചിച്ചു. അത്ര=ഇവിടെ. ഉപവനം=ഉദ്യാനം. അനിശം=എല്ലായ്പോഴും. ഉരക്കോട്ട്=ശക്തിയോടുകൂടി. നക്തഞ്ചരർ=രാക്ഷസർ. ത്വരിതം=വേഗം. തുമ്പോട്=ഭംഗിയാകുംവണ്ണം. ചിരവിനൊടു=വേഗത്തിൽ. ഇന്ദ്രാരി=ഇന്ദ്രന്റെ ശത്രു. (രാവണനെന്നർത്ഥം) പവനസുതൻ=വായുപുത്രൻ. (ഹനൂമാൻ). വിനയനയസഹിതം=വിനയത്തോടും നയത്തോടുംകൂടി. ആദരാൽ=ബഹുമാനപൂർവ്വം. പപ്രച്ഛ=ചോദിച്ചു. കപേ=കുരങ്ങേ! നൃപസദസി=രാജസദസ്സിൽ. കഥയ=പറഞ്ഞാലും. മമ=എന്നോട്. മഹാമതേ=മഹാബുദ്ധിമാനായുള്ളോനെ. നിർണ്ണയം=നിശ്ചയം.

21—40. അകതളിർ=മനസ്സ്. അനൃതവചനം=അസത്യവാക്ക്. അധർമ്മകർമ്മങ്ങൾ=ധർമ്മവിരുദ്ധങ്ങളായ പ്രവൃത്തി

കൾ. ലങ്കേശരാജ്യം=രാവണന്റെ രാജ്യം. നിഖില.....യോദ്ധാക്കൾ=ലങ്കയിലെ സകല സൈന്യാധിപന്റെ യോദ്ധാക്കൾ. നീതിയോടെ=വഴിയാകുംവണ്ണം. മുഹുരപി=വീണ്ടും. നിരൂപിച്ച്=ധ്യാനിച്ച്. മന്ദേതരം=ഉറക്കെ. സ്ഫുടവചനം=വ്യക്തമായ വാക്ക്. അതിവിശദം=വളരെ വ്യക്തമായി. ജളപ്രഭോ!=വിഡ്ഢികളുടെ രാജാവേ! ശൃണു=കേട്ടാലും. "പൂജ്യനാം രാമദൂതൻ" ഈ പ്രയോഗം ശരിയല്ല. ഇവിടെ പൂജ്യശബ്ദം രാമന്റെ വിശേഷണമാണ്. എന്നാൽ വ്യാകരണപ്രകാരം ദൂതന്റെ വിശേഷണമായിട്ടേ വരികയുള്ളു) പുരന്ദരപൂജിതൻ=പുരന്ദര (ഇന്ദ്രനാൽ പോലും പൂജിക്കപ്പെട്ടവൻ. ജനകജ=സീത. അവരജൻ=അനുജൻ (ലക്ഷ്മണൻ) താമരസോത്ഭവകല്പിതം=വിധികല്പിതം. താമരസോത്ഭവൻ=താമരസത്തിൽ (താമരയിൽ) ഉണ്ടായവൻ (ബ്രഹ്മാവ്) തദനു=അപ്പോൾ. മതംഗാശ്രമേ=മതംഗൻ എന്ന മഹർഷിയുടെ ആശ്രമത്തിൽ.

41—60. തപനതനയനോട്=സൂര്യപുത്രനോട്. (സുഗ്രീവനോട്); അനലസാക്ഷിയായ്=അഗ്നിസാക്ഷികമായി. അമരപതിസുതൻ=ഇന്ദ്രപുത്രനായ ബാലി. അർക്കാത്മജൻ=സൂര്യപുത്രനായ സുഗ്രീവൻ. അടിമലരിൽ=പാദങ്ങളിൽ. അവനമനം ചെയ്തു=കുമ്പിട്ടു-നമസ്കരിക്കുക. ആധിപത്യം=മേൽക്കോയ്മ. ആധി=സങ്കടം. അവനിതനയാന്വേഷണം=സീതാന്വേഷണം. ആശകൾ=ദിക്കുകൾ. ഏകൈകന്നൂറായിരം=ഏക+ഏക+നൂറായിരം=നൂറായിരം വീതം. പരിവൃഢർ=ശ്രേഷ്ഠന്മാർ. ലാഘവതരം=വേഗത്തിൽ. വനജവിടപികൾ=ഉപവനത്തിലെ വൃക്ഷങ്ങൾ. വാനരവംശപ്രകൃതിശീലം=കുരങ്ങുകളുടെ സഹജമായ സ്വഭാവം. ഇകലിൽ=യുദ്ധത്തിൽ. അകതളിരിൽ=ഉള്ളിൽ. ഇല്ലയാതെ=ഇല്ലാതെ. ഭുവി=ഭൂമിയിൽ. സമരഭുവി=പോർക്കളത്തിൽവച്ച്. ദേഹരക്ഷാർത്ഥമായ്=ദേഹരക്ഷയ്ക്കുവേണ്ടി. തവഭൃത്യവർഗ്ഗം=നിന്റെ ഭൃത്യസമൂഹം. ദശനിയുതശതവയസി=(പത്തു×ലക്ഷം ×നൂറ്)

നൂറുകോടി വയസ്സായാലും. ജീർണ്ണം=പഴകിയതു്. ദേഹികൾ=ജീവികൾ. പ്രിയം=ഇഷ്ടപ്പെട്ടതു്.

61—80 തവതനയ....പാതേന=തവ(നിന്റെ) തനയ (പുത്രന്റെ) കരഗളിത (കൈകളിൽനിന്നു പുറപ്പെട്ട) വിധിവിശിഖ (ബ്രഹ്മാസ്ത്ര)ത്തിന്റെ പാതേന (വീഴ്ചകൊണ്ടു്)—നിന്റെ മകൻ പ്രയോഗിച്ച ബ്രഹ്മാസ്ത്രമേററു്. തത്ര=അവിടെ. ബദ്ധൻ=കെട്ടപ്പെട്ടവൻ. കമല ....പ്രഭാവനേ=ബ്രഹ്മാവു തുടങ്ങിയ ദേവന്മാർ തന്നവരത്തിന്റെ മഹത്വംകൊണ്ടു്. മേ=എന്റെ. കായം=ശരീരം. പരിഭവം=ഉപദ്രവം. ബദ്ധഭാവേന=കെട്ടപ്പെട്ട നിലയിൽ. അദ്യ=ഇപ്പോൾ. തവഹിതംവക്തുംഉദ്യുക്തനായ്=നിനക്കു് ഹിതമായിട്ടുള്ളതു പറയുന്നതിന്നു് ഒരുങ്ങിയവനായ്. അജ്ഞാനം=അറിവില്ലായ്മ. ബുധജനം=വിദ്വജ്ജനം (അറിവുള്ളവർ) പവനതനയോദിതം=ഹനുമാനാൽ പറയപ്പെട്ടതു്. രോഷേണ=കോപത്തോടെ. തിലസദൃശം=എള്ളുപോലെ. നികടഭുവി=സമീപത്തിൽ മാം=എന്നോടു്. ശഠൻ=നീചൻ.

81—100. കഥയ=പറഞ്ഞാലും. ദന്തംകടിച്ചു്=പല്ലുകടിച്ചുകൊണ്ടു്. നിനവു്=വിചാരം. നിന്നോടെതിര്=നിന്നെപ്പോലെയുള്ള. രജനിചരകുലപതികൾ=രാക്ഷസപ്രമാണികൾ. നിയതം=നിശ്ചയമായിട്ടും. കശ്മല=ദുഷ്ട! 88 മുതൽ 92 വരെയുള്ള വരികളിൽ രാവണന്റെ നിസ്സാരതയെയാണു് ഹനുമാൻ സൂചിപ്പിക്കുന്നതു്. ബലത്തെ സംബന്ധിച്ചിടത്തോളം ഹനുമാനും രാവണനും തമ്മിൽ യാതൊരു സാമ്യവുമില്ലെന്നു ധ്വനിപ്പിച്ചിരിക്കുന്നു. പാർശ്വസ്ഥിതന്മാർ=അടുത്തിരിക്കുന്നവർ. ആയുധപാണി=ആയുധം കൈയിലുള്ളവൻ. ദുരിതം=പാപം.

100—116. വയം=നമ്മൾ. നൃപോചിതം=രാജാക്കന്മാർക്കു യോഗ്യമായിട്ടുള്ളതു്. സദസി=സദസ്സിൽ. സഹജൻ=സഹോദരൻ.

വദനം അപി കരചരണം അല്ല=മുഖമോ കൈകാലുകളോ അല്ല. ശരവ്യാസ്പദം=ശരത്തിന്ന് ഇരിപ്പിടം. വസനേന=തുണികൊണ്ട്—വേഷ്ടിച്ച്=ചുററി. നിഖിലദിശി=എല്ലായിടത്തും. കലഹതകൻ=കൂട്ടത്തിൽ കൊള്ളരുതാത്തവൻ. നിസ്തേജൻ=തേജസ്സററവൻ.

1. ഹനുമാനെ ആര്, എന്തിന്ന് എങ്ങിനെ ബന്ധിച്ചു?

2. ഹനുമാനെപ്പററി ഇന്ദ്രജിത്തിന്നുള്ള അഭിപ്രായം എന്ത്?

3. രാവണന്റെ ചോദ്യങ്ങൾക്ക് ഹനുമാൻ പറയുന്ന ഉത്തരം സ്വന്തം വാക്യത്തിലെഴുതുക.

4. ഹനുമാൻ ബദ്ധഭാവത്തിൽ രാവണസമക്ഷം ചെന്നതെന്തിന്ന്?

5. രാവണൻ ഹനുമാന്നു വിധിച്ച ശിക്ഷയെന്ത്?

6. ഹനുമാൻ അതിസമർത്ഥനായ ഒരു ദൂതനാണെന്ന് എങ്ങനെ പറയാം?

---

# 3. ചിങ്ങ്.

നമ്മുടെ ഭാരതഖണ്ഡത്തിന്ന് വടക്കുഭാഗത്തു സ്ഥിതി ചെയ്യുന്ന ഏഷ്യയിലെ ഏററവും വലിയ രാജ്യമാണ് ചൈന. ക്രിസ്തുവർഷത്തിന്നു വളരെ മുൻപുമുതൽ സുദൃഢമായ സംസ്കാരബന്ധം ഈ രണ്ടു രാജ്യങ്ങളും തമ്മിൽ പുലർത്തിവന്നിരുന്നു. ഇടക്കാലത്ത് ഭാഗ്യദോഷത്താൽ ആ ബന്ധം തുടർന്നുകൊണ്ടുപോകാൻ സാധിക്കാതെയായി. എങ്കിലും ആ പൂർവ്വബന്ധം പുനഃസ്ഥാപിക്കുവാൻ ഇന്നു ശ്രമം ചെയ്തു വരികയാണ്. അതു സഫലമാവുകയാണെ

ങ്കിൽ ഏഷ്യൻ ജനതയ്ക്കുണ്ടാകുന്ന പുരോഗതി അത്ഭുതപൂർവ്വമായിരിക്കും. അങ്ങനെ ലോകസമാധാനത്തിനുള്ള മാർഗ്ഗം തെളിയുകയും ചെയ്യും. അത്രമാത്രം പ്രാധാന്യമുള്ള ചൈനയിലെ ജനങ്ങളുടെ ജീവിതരീതിയേയും മററും പററി സാമാന്യമായിട്ടെങ്കിലും അറിഞ്ഞിരിക്കേണ്ടതു് ആവശ്യമാണല്ലൊ. ആ ഉദ്ദേശത്തോടുകൂടി രചിച്ചിട്ടുള്ളതത്രേ ഈ പാഠം.

ദക്ഷിണ ചൈന=തെക്കെ ചൈന. പീതവർണ്ണം=മഞ്ഞനിറം ഗണ്ഡം=കവിൾത്തടി. ശരൽക്കാലം=നാലാമത്തെ ഋതു. തുലാം വൃശ്ചികം എന്ന രണ്ടു മാസങ്ങൾ കൂടുന്ന കാലം. വസന്തം=ഗ്രീഷ്മം, വർഷം, ശരത്, ഹേമന്തം ശിശിരം എന്നിവയാണ് ആറു് ഋതുക്കൾ. ഉഗ്രകിരണങ്ങൾ=കഠിനരശ്മികൾ. അദ്ധ്വാനിക്കുക=വേല ചെയ്യുക. വിശ്രമാർത്ഥം=ക്ഷീണം തീർക്കുന്നതിനു വേണ്ടി. സാധുകർഷകൻ=പാവപ്പെട്ട കൃഷിക്കാരൻ. അനുഗ്രഹീതൻ=അനുഗ്രഹിക്കപ്പെട്ടവൻ. പിതൃസ്വത്തു്=അച്ഛനിൽ നിന്നു കിട്ടിയ സ്വത്തു്. അമിതാദ്ധ്വാനം=കഴിവിൽ കവിഞ്ഞ വേല. പിതാമഹൻ=അച്ഛന്റെ അച്ഛൻ. ശവകുടീരം=ശവകുടിൽ. സായൂജ്യം=മോക്ഷം. വിശ്രുതൻ=കീർത്തിമാൻ. ശീതളഛായ=തണുപ്പുള്ള നിഴൽ. ലഘുവായ=എളുപ്പമായ. നിലയനം=ഇരിപ്പിടം. അരുണവസ്ത്രം=ചുവന്ന വസ്ത്രം. വിദഗ്ദ്ധൻ=സമർത്ഥൻ. ക്ലേശം=ദുഃഖം. കൗമാരം=കുമാരനായിരിക്കുന്ന അവസ്ഥ. ബാല്യം, കൗമാരം, യൗവനം, വാർദ്ധക്യം—എന്നു് അവസ്ഥകൾ നാലു്. തീവ്രമായ=കഠിനമായ. സൗരഭ്യം=മണം. ദുസ്സഹമായ=സഹിക്കവയ്യാത്ത. മുണ്ഡനം ചെയ്യുക=മൊട്ടയടിക്കുക ഗൃഹിണി=ഭാര്യ. നാഗരികാംഗനമാർ=നഗരത്തിൽ വസിക്കുന്ന സ്ത്രീകൾ. പാദുകകൾ=മെതിയടികൾ. പേലവപാദങ്ങൾ=മൃദുലപാദങ്ങൾ. അഗതികൾ=ഗതിയില്ലാത്തവർ (പാവങ്ങൾ). ഹൃദയാലു=നിഷ്ക്കളങ്ക ഹൃദയമുള്ളവൻ. ഔദാര്യം=കൊടുക്കുന്നശീലം മഹാമനസ്കത=വിശാലമായ മനഃസ്ഥിതി. യഥോചിതം=ഉചിതം

ദപാലെ. സിദ്ധാന്തം=അഭിപ്രായം. സമ്രാട്ട്=ചക്രവൎത്തി. സ്വേച്ഛാമരണം=തന്റെ ഇഷ്ടംപോലെയുള്ള മരണം, സ്മാരകമായി=ഓൎമ്മയ്ക്കായി അദ്വിതീയൻ=ഒന്നാമൻ. സംസ്കാരം=പരിഷ്കാരം. ശതകം=നൂററാണ്ടു്. നിൎഭാഗ്യം=ഭാഗ്യമില്ലായ്മ. തദ്വാരാ=അതുവഴിയായി. ശാശ്വതം=ഒരിക്കലും നശിക്കാത്ത. പുരോഗതി=അഭിവൃദ്ധി.

1. ചിങ്ങിന്റെ ജീവിതരീതിയെപ്പററി ഈ പാഠത്തിൽ നിന്നു് നിങ്ങൾ എന്തു പഠിക്കുന്നു?

2. ചീനരുടെ താമസസ്ഥലം, തൊഴിൽ, വിദ്യാഭ്യാസം, വസ്ത്രധാരണം, അതിഥിസൽക്കാരം, വിവാഹസമ്പ്രദായം, മതവിശ്വാസം, ആഹാരം, ഭരണരീതി എന്നിവയെപ്പററി ഈ പാഠത്തിൽ നിന്നു് നിങ്ങൾ ഗ്രഹിക്കുന്നതു് ചുരുക്കിയെഴുതുക.

---

# 4. യന്ത്രക്കിളി.

ദ്രുപദരാജാവു് മദ്ധ്യമപാണ്ഡവനായ അൎജ്ജുനനു വിവാഹം ചെയ്തുകൊടുക്കുവാൻ ഒരു പുത്രിയുണ്ടാകണമെന്നു പ്രാൎത്ഥിച്ചു. അതിന്റെ ഫലമായി അദ്ദേഹത്തിനു ജനിച്ച പുത്രിയാണു പാഞ്ചാലി. ദുര്യോധനനുമായി ചൂതുകളിയിലേർപ്പെട്ടു ധൎമ്മപുത്രർ തോററതുനിമിത്തം പാണ്ഡവന്മാൎക്കു് നാടുവിട്ടു് വനത്തിൽ പാൎക്കേണ്ടിവന്നു. അക്കാലത്തു് അൎജ്ജുനനെപ്പററി യാതൊരു വിവരവും ലഭിക്കായ്കയാൽ ദ്രുപദൻ പുത്രിക്കു് സ്വയംവരം നിശ്ചയിച്ചു് സകല രാജാക്കന്മാരേയും ക്ഷണിച്ചുവരുത്തി. അസ്ത്രവിദ്യയിൽ അതിപാടവം സിദ്ധിച്ചവൎക്കുമാത്രം ഭേദിക്കുവാൻ സാദ്ധ്യമുള്ള ഒരു കിളി നിൎമ്മിച്ചു് അതിൽ വിജയം വരിക്കുന്നവരെ പാഞ്ചാ

ച്ചി പാണിഗ്രഹണം ചെയ്യുന്നതാണെന്നു് അദ്ദേഹം രാജസദസ്സിൽ പ്രഖ്യാപനം ചെയ്തു. ആ ഉപായം അദ്ദേഹത്തിന്റെ ആഗ്രഹസാദ്ധ്യത്തിനു് അനുകൂലമായിട്ടാണു് പരിണമിച്ചതു്. ഇതാണു് മഹാഭാരതത്തിലെ പാഞ്ചാലീസ്വയംവരം കഥ. ഈ കഥയെ വിഷയമാക്കി പ്രശസ്തഭാഷാകവിയായ വെണ്മണി മഹൻ നമ്പൂതിരി രചിച്ചിട്ടുള്ള തുള്ളൽ കൃതിയിൽ നിന്നു് ഉദ്ധരിച്ചിട്ടുള്ളതാണു് ഈ പാഠം.

കരളിൽ=മനസ്സിൽ. അതികലിതരസം=അധികം രസത്തോടുകൂടി. കല്പിച്ചു=ആജ്ഞാപിച്ചു. ലാക്കു്=ലക്ഷ്യം. കല്പിച്ചുകൊള്ളണം=നിശ്ചയിക്കണം. മറിവു്=കൗശലം. അതിശയം=വിസ്മയം. (സംസ്കൃതത്തിൽ അതിശയശബ്ദത്തിനു് ഈ അർത്ഥമില്ല. ഏറെവും എന്നാണു് അർത്ഥം). ആചരിക്കുക=പ്രവർത്തിക്കുക. പടുപടവിനൊട്ടു്=സ്ഥാനവലിപ്പത്തിനു ചേർന്നവിധം. നെടിയ=നീളമുള്ള. (കാലിനു നീളമുള്ള പട്ടുകട്ടകൾ രാജപദവിക്കു യോജിച്ചതാണല്ലോ) പാർത്ഥിവേന്ദ്രന്മാർ=രാജശ്രേഷ്ഠന്മാർ. പാർത്തരുളീടുവാൻ=വസിക്കുവാൻ. രജത.......മഞ്ചങ്ങൾ=വെള്ളിമണികളും, സ്വർണ്ണമണികളുംകൊണ്ടു് നിർമ്മിക്കപ്പെട്ട രത്നമഞ്ചങ്ങൾ. അഴകുടയ=ഭംഗിയുള്ള. മണിനിലയനിര=രത്നഗൃഹങ്ങളുടെ സമൂഹം. ആസ്ഥാനം=രാജസഭ. ഇടമിയലും=സ്ഥലം ധാരാളമുള്ള. അണിമണിവിരിപ്പുറതൽ=ശ്രേഷ്ഠവും വിശിഷ്ടവുമായ പുറതൽ. നെടിയകൊടി=നീളമുള്ള കൊടിമരം. വടിവിൽ=ഭംഗിയാകുംവണ്ണം. ആയം=ബലം, വിസ്താരം, ദൈർഘ്യം, പെരുമ എന്നെല്ലാം അർത്ഥങ്ങളിൽ ഈ പദം പ്രയോഗിക്കാറുണ്ടു്. (ഇവിടെ നീളം എന്നു് അർത്ഥം) ഇളിവായും പൊളിച്ചു്=പല്ലുകാട്ടിച്ചിരിച്ചു് വായും തുറന്നു്. വ്യാളം=സിംഹം. പടുകൊടിയിലുടയ=വലിയ കൊടിമരത്തിലുള്ള. അഞ്ചാതെ=കലുക്കം കൂടാതെ. അതുലഗുണഗണനിലയ=തുല്യമില്ലാത്ത ഗുണങ്ങൾക്കു് ഇരിപ്പിടമായവനെ! പഞ്ജരം=കൂട്ടു്. പഞ്ചകം=അഞ്ചു്. ചക്രംതിരിയണം=കറങ്ങണം. കട=ചുവട്ടു്. ജാതിര

ഭസം=അതിവേഗത്തിൽ. വിഗതതരവിഷമമൊട്ട്=ഒട്ടും വിഷമംകൂടാതെ. (അതിലാഘവത്തോടെ). കൊടിയകൊടി=ഭയങ്കരമായ കൊടിമരം. കരകൗശലം=കൈവേലയിലുള്ള സാമർത്ഥ്യം. ശില്പി=ആശാരി (കൊത്തുപണിക്കാരൻ). ഹിമകിരണകുലതിലക=ചന്ദ്രവംശശ്രേഷ്ഠ! പലമൊഴികളെന്തിന്ന്=അധികം പറയേണ്ട ആവമില്ല. ഹേമധ്വജം=സ്വർണ്ണക്കൊടിമരം.

1. 'യന്ത്രക്കിളി' എന്ന പാഠം നല്ല ഗദ്യത്തിൽ ചുരുക്കിയെഴുതുക.

2. പാഞ്ചാലീസ്വയംവരം കഥ സംഗ്രഹിക്കുക.

..........................

# 5. വിളക്കുകൾ.

നിരന്തര പരിശ്രമംകൊണ്ട് മനുഷ്യർ ഓരോകാലത്ത് നൂതനങ്ങളായി ഓരോന്ന് കണ്ടുപിടിച്ചുകൊണ്ടിരുന്നതായി ചരിത്രം തെളിയിക്കുന്നുണ്ടല്ലോ. അഗ്നി കണ്ടുപിടിച്ചതിനുശേഷം വെളിച്ചത്തിനുവേണ്ടി ദീർഘകാലം അവർ ചെയ്ത അത്തരം പരിശ്രമത്തിന്റെ ഫലങ്ങളാണ് ദീപങ്ങളിലുണ്ടായിട്ടുള്ള പരിഷ്കാരങ്ങൾ. വിളക്കുകളുടെ ആവിർഭാവത്തിന്റെ പ്രഥമഘട്ടം തൊട്ട് പടിപ്പടിയായി അതു സംബന്ധിച്ചുണ്ടായിട്ടുള്ള അഭിവൃദ്ധിയെയാണ്, ഈ പാഠത്തിൽ വിവരിച്ചിരിക്കുന്നത്.

പ്രാചീനകാലം=പുരാതനകാലം. പ്രാചീനം×അർവാചീനം. ജന്മനാതന്നെ=ജനനം മുതൽക്കു തന്നെ. അനിഷ്ടം=ഇഷ്ടമല്ലാത്തത്. ഇഷ്ടം×അനിഷ്ടം. പരിഷ്കൃതം=പരിഷ്കരിക്കപ്പെട്ട. വിവിധം=പലതരം. പ്രചാരത്തിൽ വരുത്തുക=നടപ്പിലാക്കുക. പര്യാപ്തം=മതിയാകുന്നത്. അസഹനീയം=സഹിക്കവയ്യാത്തത്.

അഗ്രം=അററം. ജ്വലിച്ചുകൊണ്ടിരുന്ന=കത്തിക്കൊണ്ടിരുന്ന. പ്രതിബന്ധം=തടസ്സം. പരിഷ്ക്കാരേച്ഛുകൾ=പരിഷ്ക്കാരത്തിൽ ആഗ്രഹമുള്ളവർ. നിഷ്പ്രയാസം=പ്രയാസം കൂടാതെ, നിർവഹിച്ചു=സാധിച്ചു. വാതകങ്ങൾ=വായുരൂപത്തിലുള്ളവ. അപകടകരം=അപായത്തെ ചെയ്യുന്നതു്. പരിവർത്തനം=മാററം. സർവോപരി=എല്ലാററിലും കൂടുതലായി. അത്ഭുതാവഹം=ആശ്ചര്യം തോന്നിക്കുന്നതു്. ജനയിതാവു്=പിതാവു് (ആദ്യം കണ്ടുപിടിച്ച ആൾ) ആംഗ്ലേയമഹാൻ=ഇംഗ്ലീഷുകാരനായ മഹാൻ. മഹനീയം=ശ്രേഷ്ഠം. വൈദ്യുത ദീപം=വിദ്യുച്ഛക്തിയുടെസഹായത്താൽ കത്തുന്ന വിളക്കു് (Electric light) യാദൃഛികം=യാദൃഛയായിട്ടുള്ളതു് (വിചാരിക്കാതെ പെട്ടെന്നുണ്ടായതു്) യോജിപ്പിക്കുക=ചേർക്കുക. വിയോജിപ്പിക്കുക=വേർപെടുത്തുക. കമനീയമായ=മനോഹരമായ. കാന്തി=ശോഭ. അത്യുഗ്രം=അതികഠിനം. വിദ്യുൽ...ഫലം=മിന്നൽപ്രവാഹങ്ങൾ തമ്മിൽ കൂട്ടിമുട്ടിയതു നിമിത്തം. പ്രഭാപൂരം=ശോഭാസമൂഹം. ഊഷ്മാവു്=ചൂടു്. സംയോഗം=സമ്യക്കായ ചേർച്ച. ആധാരം=ആശ്രയം. അഥവാ=അല്ലെങ്കിൽ. അനുയോജ്യമായ=ഇണങ്ങിയ. പ്രായോഗികം=പ്രയോഗയോഗ്യം (ഉപകാരപ്രദം) വദ്യുച്ഛക്തി=വിദ്യുത്+ശക്തി വൈദ്യുതം=വിദ്യുത്തിനെ സംബന്ധിച്ചതു്. ശലാകാ=കമ്പി. തീവ്രം=ഉഗ്രം. വിദഗ്ദ്ധന്മാർ=സമർത്ഥന്മാർ (Experts). പ്രസ്താവാർഹങ്ങൾ=പ്രസ്താവിക്കുവാൻ യോഗ്യങ്ങൾ.

## എഡിസനും വൈദ്യുതദീപവും

ജാതനായതു്=ജനിച്ചതു്. അതിദാരുണം=അതിഭയങ്കരം. നിർദ്ധനത്വം=ധനമില്ലായ്മ; ദാരിദ്ര്യം. ശാസ്ത്രീയമാന്ത്രികൻ=ശാസ്ത്രവിഷയമായ് വിചാരണ ചെയ്യുന്നവൻ. ഉപജീവനം=കാലക്ഷേപം. പന്ഥാവു്=മാർഗ്ഗം. മാർഗ്ഗദർശകം=വഴികാട്ടി. അത്യാഹിതം=വലിയ ആപത്തു്. അന്ധാളിച്ചു്=പരിഭ്രമിച്ചു്.

അതിസാഹസികമായി=തീരെക്ഷമകൂടാതെ. കൃതജ്ഞത=നന്ദി. പരീക്ഷണം=Experiment. നിരീക്ഷണം—Observation. അഹോരാത്രം=പകലും രാത്രിയും.(ദിവസം മുഴുവൻ). ഭാവൈശ്വര്യങ്ങൾ= ഭാവി+ഐശ്വര്യങ്ങൾ—വരാനുള്ള ഐശ്വര്യങ്ങൾ. നിദാനം=കാരണം. പ്രശസ്തി=കീർത്തി. പ്രോത്സാഹിപ്പിക്കുക=നല്ലപോലെ ഉത്സാഹിപ്പിക്കുക. സാമഗ്രികൾ=ഉപകരണങ്ങൾ ആദർശം=മാതൃക. പദ്ധതി മാർഗ്ഗം. ഔന്നത്യം =ഉൽക്കർഷം വിഘാതം=തടസ്സം. നിവൃത്തിമാർഗ്ഗം=പരിഹാരമാർഗ്ഗം. ആരായുക=അന്വേഷിക്കുക. അനുസ്യൂതമായി=തുടർച്ചയായി. അവലംബിച്ച=ആശ്രയിച്ച. ചിന്താഗതി=വിചാരത്തിന്റെ പോക്കു നേർത്ത=കനംകുറഞ്ഞ. വായുശൂന്യം=വായു ഇല്ലാത്ത. ഭാസുരം=ശോഭയുള്ള. വർത്തിക=തിരി. ഭീമമായ=വളരെ വലിയ. അപരിത്യാജ്യം=ഉപേക്ഷിക്കവയ്യാത്തത്. വൈതരണി=ദുർഘടം (കടക്കുവാനുള്ള പ്രയാസം.) തരണം ചെയ്യുക=കടക്കുക. തദർത്ഥം=അതിനുവേണ്ടി. യഥാസ്ഥാനം=സ്ഥാനമനുസരിച്ച്. പരിമാണം=അളവ്. ഉത്തരക്ഷണത്തിൽ=അപ്പോൾ തന്നെ (പെട്ടെന്ന്)

1) കൃത്രിമ വെളിച്ചം കണ്ടുപിടിക്കുന്നതിനു മുൻപ് മനുഷ്യർ ഉപയോഗിച്ചു വന്നിരുന്ന വിളക്കുകളെന്തായിരുന്നു? അത് എങ്ങനെ അവയ്ക്ക് അനുഗ്രഹമായിത്തീർന്നു?

2) വിളക്കുകൾ ആദ്യമായി കണ്ടുപിടിച്ചു പ്രചാരത്തിൽ വരുത്തിയവർ ആരാണ്? അക്കാലത്തു കേരളത്തിൽ ഉപയോഗത്തിലിരുന്ന വിളക്കുകൾ ഏവ?

3) എണ്ണവിളക്കുകൾ അപരിഷ്കൃതങ്ങളായിത്തീർന്നതെപ്പോൾ?

4. മണ്ണെണ്ണ വിളക്കുകളും ഗ്യാസുവിളക്കുകളും എപ്പോൾ പ്രചാരത്തിൽ വന്നു? അവകൊണ്ടു മനുഷ്യർ തൃപ്തിപ്പെട്ടുവോ? ഇല്ലെങ്കിൽ എന്തുകൊണ്ട്?

5. വിളക്കുകളെ സംബന്ധിച്ച് പത്തൊൻപതാം നൂററാണ്ടിലുണ്ടായ പരിഷ്കാരം എന്ത്?

6. വൈദ്യുതദീപങ്ങൾ ആരു്? എങ്ങനെ? കണ്ടുപിടിച്ചു.

7. വൈദ്യുത ദീപങ്ങൾ മനുഷ്യർക്ക് അധികം ഉപയോഗപ്രദമാക്കിയവർ ആരെല്ലാം? അവർ വരുത്തിയ പരിഷ്കാരങ്ങൾ എന്തെല്ലാം?

8. തോമസ് എഡിസൻ, ജോസഫ് സ്വാൻ—ഇവരുടെ ശാസ്ത്രീയ പരിശ്രമങ്ങൾ എന്തെല്ലാം?

9. ഇലക്ട്രിക്ക് വിളക്കുകളുടെ വിജയത്തിന് എഡിസനെ സഹായിച്ചവ ഏവ?

10. ബൾബ് എരിഞ്ഞു പോകുന്നതെന്തു കൊണ്ടു്?

11. വൈദ്യുത ദീപങ്ങൾ നിമിത്തം ഇന്നു് ഉണ്ടായിട്ടുള്ള സൗകര്യങ്ങൾ എന്തെല്ലാം?

12. അതിപ്രാചീനകാലം തൊട്ട് വിളക്കുകളെ സംബന്ധിച്ച് ഉണ്ടായിട്ടുള്ള പരിഷ്കാരങ്ങളെ അനുക്രമം വ്യക്തമാക്കുക.

---

# 6. മിന്നാമിനുങ്ങ്.

ശ്രീമാൻ. ജി. രാമമേനോൻ എം. എ. ആവശ്യപ്പെട്ടതനുസരിച്ചു് മഹാകവി കുമാരനാശാൻ രചിച്ച ഒരു ഖണ്ഡകാവ്യമാണു് ഇതു്. കാഴ്ചയിൽ നിസ്സാരമായ പ്രാണിയാണെങ്കിലും മഹാകവിയുടെ ഭാവനയ്ക്കു വിഷയമായപ്പോൾ മിന്നാമിനുങ്ങിന്റെ അവസ്ഥ എത്ര മഹനീയമായിത്തീരുമെന്നു് ഈ കവിത വായിച്ചാൽ ആർക്കും മനസ്സിലാകും.

1. പ്രഭാകണം=അല്പമായ ശോഭയെ വഹിക്കുന്ന മിന്നാമിനുങ്ങ്. സ്വതന്ത്രമായ്=തടവുകൂടാതെ, ഇഷ്ടംപോലെ. വിണ്ണിലായിതേ=ആകാശത്തിൽ ചുറ്റിത്തിരിഞ്ഞു. മിന്നാമിനുങ്ങിനെ കണ്ടാൽ ആർക്കാണ് കൌതുകം തോന്നാത്തത്? അതിന്റെ പ്രഭ ആർക്കാണ് ആനന്ദം നല്കാത്തത്? എത്ര വേഗത്തിലാണ് അതിന്റെ വരവും പോക്കും!

2. മടങ്ങുന്നിതേ=ഇതാ അത് തിരിച്ചു വരുന്നു. വേലിച്ചെടി=വേലിയിലുള്ള ചെടി. തുമ്പ്=അറ്റം. സ്പർശിക്കുന്ന വസ്തുവിനെ ചുടുകയാണു തീയുടെ സ്വഭാവം, എന്നാൽ മിന്നാമിനുങ്ങിന്റെ ശരീരത്തിൽ നിന്നു പുറപ്പെടുന്ന തീ അപ്രകാരം ചെയ്യുന്നില്ല. സാധാരണ തീയെപ്പോലെ അതു മഴയത്തു കെട്ടുപോകുന്നുമില്ല. അതാണു് അതിന്റെ മാഹാത്മ്യം.

3. വരിഷ്ഠം=ഏറ്റവും ശ്രേഷ്ഠമായ. ഒരിടത്തും സ്വസ്ഥമായിരിക്കാതെ മിന്നാമിനുങ്ങ് ആകാശത്തിൽ സദാ സഞ്ചരിച്ചുകൊണ്ടിരിക്കുന്നതു കണ്ടാൽ കല്ലിൽ പത്തരമാറ്റു തങ്കം ഉരച്ചുണ്ടാകുന്ന രേഖയാണെന്നും ഇരുട്ടിനെ കീറിവേർപെടുത്തുന്ന വജ്രസൂചിയാണെന്നും തോന്നിപ്പോകും.

4. ഈ നിന്നുടലിൽ=നിന്റെ ഈ ശരീരത്തിൽ. സ്ഫുരിക്കും=പ്രകാശിക്കുന്ന. പദാർത്ഥം=വസ്തു. ഉരയ്ക്കു=പറക. സ്ഫുലിംഗം=തീപ്പൊരി. താരഗണങ്ങൾ=നക്ഷത്രസമൂഹങ്ങൾ. പാറും=പറക്കുന്ന. മിന്നാമിനുങ്ങിന്റെ ശരീരത്തിൽ നിന്നു പുറപ്പെടുന്ന പ്രകാശത്തെ കണ്ടു് മിന്നൽപ്പിണരിൽ നിന്നു പുറപ്പെടുന്ന തീപ്പൊരിയായും, നക്ഷത്രങ്ങൾ കൂട്ടിമുട്ടിയുരഞ്ഞു ചിതറുന്ന പൊടിയായും, ചന്ദ്രികയായും കവി സന്ദേഹിക്കുന്നു.

5. പുളച്ചിടുന്ന=സന്തോഷംകൊണ്ടു് അഹങ്കരിക്കുന്ന. വെറും വെളിച്ചമേ=പ്രകാശംമാത്രമുള്ള മിന്നാമിനുങ്ങേ! ശമിക്കിലാം=പോകുകയാണെങ്കിൽ അങ്ങനെയാകട്ടെ.

6. വിലോലമായ്=ഇളക്കത്തോടെ. വിലങ്ങിട്ടം=വിലങ്ങത്തിൽ പറക്കുന്ന. പ്രകൃതിക്ക്=പ്രകൃതിയാകുന്ന ദേവിക്ക്. ചാർത്തുവാൻ=അണിയിക്കുവാൻ. നിലാപ്പൂമ്പട്ടിന്=നിലാവാകുന്ന പൂമ്പട്ടിന്. (വസ്ത്രം നെയ്യുന്നതിന് ഊടും പാവും ആവശ്യമാണല്ലോ. മിന്നാമിനുങ്ങിന്റെ വിലങ്ങത്തിലുള്ള ഗമനം നിലാവാകുന്ന പട്ടുവസ്ത്രത്തിനുള്ള പാവു നെയ്ത്തായിരിക്കുമോ എന്നു കവി സന്ദേഹിക്കുന്നു.)

7. പുല്കുവാൻ=ആലിംഗനം ചെയ്‌വാൻ. കനിഞ്ഞ്=മനസ്സലിഞ്ഞ്. കൈത്തളിരാന്ന=കൈകളാകുന്ന തളിരുകളോടു കൂടിയ. ഭൂരുഹം=വൃക്ഷം. മനം=മനസ്സ്. കൊതിക്കും=ആഗ്രഹിക്കും. മൃദുവായ പ്രകൃതിയേയും സ്പർശിക്കുവാൻ ആഗ്രഹം ആർക്കും തോന്നുക സാധാരണമാണ്. അതിനാൽ വൃക്ഷം മിന്നാമിനുങ്ങിനെ ആലിംഗനം ചെയ്യുവാൻ തയ്യാറായി നില്ക്കുന്നതിൽ ആശ്ചര്യപ്പെടാനില്ലെന്നു കവി അഭിപ്രായപ്പെടുന്നു.

8. ഭവദ്ഗണങ്ങളാൽ=നിന്റെ (മിന്നാമിനുങ്ങിന്റെ) കൂട്ടങ്ങളാൽ. സ്വതേ=സ്വയമേവ. ചൂഴന്ന്=ചുററപ്പെട്ട്. (ചക്രവർത്തിയുടെ പ്രകാശമേറിയ കിരീടംപോലും മിന്നാമിനുങ്ങുകളാൽ പ്രകാശിതമായ പനിനീർച്ചെടിക്കു തുല്യമല്ല.)

9. ഇരുട്ടത്ത് മിന്നാമിനുങ്ങുകൾ പടർന്നുകിടക്കുന്ന ശാഖകളിലിരുന്ന് വൃക്ഷങ്ങൾ പ്രകാശിക്കുന്നതു കണ്ടാൽ ആകാശത്തിൽ വ്യാപിച്ചിരിക്കുന്ന നക്ഷത്രഗണങ്ങൾ ഭൂമിയിലും പ്രകാശിക്കുകയാണെന്നു തോന്നിപ്പോകും.

10. ചിലപ്പോൾ പ്രകാശിച്ചും മററു ചിലപ്പോൾ മങ്ങിയും ഇളംരശ്മിയുടെ ശോഭ വഹിച്ചും പൊങ്ങിയും താണും പറക്കുന്ന മിന്നാമിനുങ്ങിനെ കണ്ട് അത് ഭൂമി വളർത്തുന്ന നക്ഷത്രശിശുവായിരിക്കാമെന്നും അതിന്റെ തള്ള ആകാശത്തിലാണെന്നും കവി സംശയിക്കുന്നു.

**11.** ഉറക്കറയിൽ പുസ്തകങ്ങളിലും, മേശപ്പുറത്തും ഇരുന്ന് കെടാവിളക്കിന്റെ സ്ഥാനം സ്വീകരിക്കുവാൻ കവി മിന്നാമിനുങ്ങിനെ ക്ഷണിക്കുന്നു.

**12.** ഏററവും ഉത്സാഹത്തോടെ ഇഷ്ടത്തിനൊത്ത് എങ്ങും സഞ്ചരിച്ച് മിനുങ്ങിമങ്ങുന്ന ചൊടിയുള്ള മിന്നാമിനുങ്ങും മനസ്സും സഹോദരങ്ങളായിരിക്കുമോ എന്ന് തുല്യഗുണങ്ങളെ ആസ്പദമാക്കി കവി സന്ദേഹിക്കുന്നു.

കവിയുടെ കല്പനകളെ കഴിവുള്ളിടത്തോളം ആശ്രയിച്ച് മിന്നാമിനുങ്ങിനെപ്പററി ഒരു വിവരണം എഴുതുക.

---

# 7. ലൂയിപാസ്ററർ

മനുഷ്യസമുദായത്തിന്റെ ഗുണത്തിനുവേണ്ടി ജീവിതകാലം മുഴുവൻ നിസ്വാർത്ഥം പ്രയത്നിച്ച ഒരു മഹാനാണ് ലൂയിപാസ്ററർ. പ്രശസ്തസേവനങ്ങൾകൊണ്ടു സകലരുടേയും കൃതജ്ഞതയ്ക്കു പാത്രമായിത്തീർന്ന അദ്ദേഹത്തിന്റെ ചരിത്രമാണ് ഈ പാഠത്തിലെ വിഷയം.

വസന്തസായാഹ്നം=വസന്തകാലത്തിലെ വൈകുന്നേരം. വിഹരിക്കുക=കളിക്കുക. ഉന്മത്തർ=ഭ്രാന്തർ. കുസൃതി=ശാഠ്യം. ആർത്തുവിളിച്ച്=നിലവിളിച്ച്. വിലാപം=കരച്ചിൽ. കർണ്ണപുടം=ചെവി. നിലച്ചു=ശാന്തമായി. സ്തബ്ധർ=നിശ്ചേഷ്ടർ. പകച്ചുനോക്കി=പരിഭ്രമിച്ചുനോക്കി. വസതി=വാസസ്ഥലം. രോദനം=കരച്ചിൽ. ഭീമകായന്മാർ=വലിയ ആകൃതിയുള്ളവർ. പ്രവഹിച്ചു=ഒഴുകി. മൂർഛിച്ചുവീണു=ബോധരഹിതരായിവീണു. ദുരവസ്ഥ=കഷ്ടാവസ്ഥ. നിലച്ചു=അവസാനിച്ചു. കരചരണങ്ങൾ=കൈകാലുകൾ. നിശ്ചലങ്ങളായി=ചലനമില്ലാത്തവയായി. അന്ത്യശ്വാസം വിട്ടു=അവസാനശ്വാസംവിട്ടു–മരിച്ചു. തീവ്രവേദന=കഠിനവേദന. ദേഹി=ആത്മാവ്.

ദാരുണരംഗം=ഭയങ്കരരംഗം. ശോകാകുലൻ=ദുഃഖത്തോടുകൂടിയവൻ. അധഃപതനം=നാശം. അഭിരുചി=താൽപര്യം. ഗവേഷണം=അന്വേഷണം. സ്മരണീയം=ഓർമ്മിക്കപ്പെടേണ്ടതു്. ഭൂരിപക്ഷം=പകുതിയിലധികം. ഭിഷഗ്വരൻ=വൈദ്യശ്രേഷ്ഠൻ. അന്തരീക്ഷം=ആകാശം. അദൃശ്യങ്ങൾ=കാണാൻ കഴിയാത്തവ. മരണഹേതുകങ്ങൾ=മരണമുണ്ടാക്കുന്നവ. നിരുത്സാഹൻ=ഉൽസാഹം നശിച്ചവൻ. നവീനതത്ത്വം=പുതിയസിദ്ധാന്തം. നിവാരണമാർഗ്ഗങ്ങൾ=തടയുവാനുള്ള മാർഗ്ഗങ്ങൾ. സാംക്രമികരോഗാണുക്കൾ=രോഗം വ്യാപിപ്പിക്കുന്നഅണുജീവികൾ. കാലധർമ്മംഅടഞ്ഞു=മരിച്ചു. തൻമൂലം=അതുകാരണമായി. പ്രയത്നം=അദ്ധ്വാനം. സ്വജനവിയോഗം=ബന്ധുക്കളുടെ വേർപാടു്. രോഗവിമുക്തനായി=രോഗത്തിൽനിന്നു മോചിപ്പിക്കപ്പെട്ടവനായി. അകാലമൃത്യു=ഥയാകാലത്തിനുമുമ്പുള്ള മരണം. സമസൃഷ്ടങ്ങൾ=സഹോദരങ്ങൾ. ദൃഷ്ടിപഥം=കാഴ്ച. പാവനം=പരിശുദ്ധം. സ്മരണ=ഓർമ്മ. നിസ്സ്വാർത്ഥൻ=സ്വാർത്ഥരഹിതൻ. ആർത്തത്രാണം=ദീനരക്ഷണം. ലക്ഷ്യം=ഉന്നം. മുദ്രാവാക്യം=പ്രമാണമായി സ്വീകരിച്ചിട്ടുള്ള വാക്യം. കൃതാർത്ഥൻ=ചാരിതാർത്ഥ്യൻ. കൃതാർത്ഥത=ചെയ്യേണ്ടതു ചെയ്തു എന്ന ഭാവം. സ്നേഹാദരങ്ങൾ=സ്നേഹവും ബഹുമാനവും. സമാർജ്ജിച്ചു=സമ്പാദിച്ചു. നിര്യാതനായി=മരിച്ചു. കൃതജ്ഞതാപൂർവ്വം=നന്ദിയോടുകൂടി. സ്മരിക്കേണ്ടതാണു്=ഓർമ്മിക്കേണ്ടതാണു്.

1. പാസ്റ്റർ ബാല്യത്തിൽ ദർശിച്ച ദാരുണസംഭവം എന്തു്?

2. പാസ്റ്ററുടെ ജനനം, ബാല്യജീവിതം, വിദ്യാഭ്യാസം ഇവയെപ്പറ്റി അറിയാവുന്നതെഴുതുക.

3. പാസ്ററരുടെ ആദ്യത്തെ ഗവേഷണത്തെയും അതിന്റെ ഫലത്തെയുംപററി വിവരിക്കുക.

4. ഫ്രാൻസുരാജ്യത്തെ ഒരു മഹാനാശത്തിൽനിന്ന് പാസ്ററർ രക്ഷിച്ചതെങ്ങനെ?

5. കുത്തിവയ്പിന്റെ ആവിർഭാവം എങ്ങനെ?

6. ഇന്നും വൈദ്യപത്രികകളിൽ തുടൎന്നുവരുന്ന പാസ്ററരുടെ ചികിത്സാസമ്പ്രദായം എന്തു്? അതു് പാസ്ററർ കണ്ടുപിടിച്ചതെങ്ങനെ?

7. പാസ്ററരുടെ പ്രശസ്തസേവനങ്ങൾക്കു ലഭിച്ച പ്രതിഫലങ്ങൾ എന്തായിരുന്നു?

---

# 8. പൊന്നോണം

ചിങ്ങമാസത്തിലെ തിരുവോണം കേരളീയൎക്കെല്ലാവൎക്കും ഒരു ഉത്സവദിവസമാണു്. അന്നു് മഹാബലിചക്രവൎത്തി അവരെ കാണുവാൻ വരുന്നുണ്ടെന്നാണു് അവരുടെ വിശ്വാസം. ജനങ്ങളോടൊപ്പം കേരളത്തിലെ പ്രകൃതിപോലും പ്രജാവത്സലനായ ആ മഹാനെ സൽക്കരിക്കുന്നതിനു സന്തോഷപുരസ്സരം സന്നദ്ധമാകുന്നതാണു് ഈ പാഠത്തിൽ അതിമനോഹരമായി വൎണ്ണിക്കപ്പെട്ടിരിക്കുന്നതു്.

ചിന്നുക—ചിതറുക. വെൺമുകിൽ=വെളുത്തമേഘം. കേസരം=പൂവിനകത്തുള്ള അല്ലി. മിന്നുക=തിളങ്ങുക. പ്രകാശിക്കുക. കുത്തുവിളക്കു്=നിലവിളക്കു്. മുന്നിൽ=മുമ്പിൽ. മുക്കുററി ഒരുതരം ചെടി. ചാലേ=ഭംഗിയാകുംവണ്ണം. പൂൎണ്ണാമോദം=പരിപൂൎണ്ണമായ സന്തോഷത്തോടുകൂടി. (ഏററവും സന്തോഷത്തോടെ) എതിരേല്ക്കാൻ=സ്വീകരിക്കുവാൻ. നീളെ=എല്ലായിടത്തും. ചെമ്പൊൽത്താമര=സ്വൎണ്ണനിറമുള്ള ചെന്താമര. നീൎത്തി=വിരിച്ചു. തുമ്പം=ദുഃഖം. പാരം=വിടരുന്ന. ചിത്തം=മനസ്സു്. തെന്നൽ=ഇളംകാ

ററ്. വാനിന്ന്=ദേവലോകത്തിന്ന്. മാവേലിമംഗളമൂർത്തി=മംഗളമൂർത്തിയായ മഹാബലി.

നെല്ലും, നെല്ലിയും ചിങ്ങമാസത്തിന്റെ ആഗമനംകണ്ടു സന്തോഷിച്ചു. ആകാശം പ്രസന്നമായി. മുക്കുറ്റി കുത്തുവിളക്കുമായി നിരന്നുനിന്നു. ചെന്താമര കുടവിരിച്ചും ആമ്പൽപ്പൊയ്ക താലംപിടിച്ചും സൽക്കരിക്കുവാൻ തയ്യാറായി. തുമ്പ പൂക്കൾ വാരിയെറിഞ്ഞു. ദുഃഖം ഓടിയൊളിച്ചു. സർവത്ര സന്തോഷവും ഉത്സാഹവും മാത്രം. മലയമാരുതനേററ് തെച്ചി., മന്ദാരം, ചേമന്തി, പിച്ചി തുടങ്ങിയ പൂക്കൾ നൃത്തം ആരംഭിച്ചു. അതുകണ്ടാൽ കേരളനാടിന്റെ ചിത്തം നൃത്തം ചെയ്കയാണെന്നേ തോന്നൂ. ദേവലോകത്തിനുപോലും അസൂയ തോന്നിക്കുന്നതായിരുന്നു കേരളത്തിലെ ആ കാഴ്ച. ഇതിനെല്ലാം കാരണം മഹാബലിചക്രവർത്തിയുടെ ആഗമനമാണല്ലോ. ആ മംഗളമൂർത്തി നിണാൾവാഴട്ടെ.

1. ഈ പാഠത്തിലെ ആശയം നല്ല ഗദ്യത്തിൽ എഴുതുക.
2. ഓണത്തിന്റെ മാഹാത്മ്യത്തെ കവി എങ്ങനെ വെളിപ്പെടുത്തിയിരിക്കുന്നു എന്നു വ്യക്തമാക്കുക.

---

# 9. മലയാളത്തിലെ മാമ്പഴക്കാലം

പണ്ട് കേരളത്തിലെ ബാലന്മാർ നാടോടി വിനോദങ്ങളിലും ഉൽസവാഘോഷങ്ങളിലും അത്യധികം താൽപര്യം പ്രദർശിപ്പിച്ചിരുന്നു. അതിനാൽ അവരിൽ അന്ന് ഓജസ്സും തേജസ്സും നല്ലപോലെ കാണപ്പെട്ടിരുന്നു. ഇന്നത്തെ അവസ്ഥ അതിനു നേരെ വിപരീതമാണ്. നിർദ്ദോഷങ്ങളും നിസർഗ്ഗമോഹനങ്ങളുമായ അത്തരം വിനോദങ്ങളിലും, ആഘോഷങ്ങളിലും അവർ പങ്കുകൊള്ളാറില്ല. അവയെ 'ഗ്രാമ്യ'ങ്ങളായി ഉപേക്ഷിക്കപോലും

ചെയ്തിരിക്കയാണു്. ഈ ശോച്യാവസ്ഥയെ ഉദാഹരണങ്ങൾ കൊണ്ടു് അനുഭവപ്പെടുത്തി അകൃത്രിമസൗന്ദര്യം നൽകുന്ന ജീവിത സംപ്രദായം സ്വീകരിക്കുവാൻ കേരളീയബാലന്മാരോടു് ഉപദേശിക്കുകയാണു് ഈ പാഠത്തിൽ ചെയ്യുകാണുന്നതു്.

അന്ത്യയാമം=അവസാനയാമം (ഏഴരനാഴികയാണു് ഒരു യാമം). വിഷുക്കണി=വിഷുനാൾ കാഴ്ച കാണുന്ന വസ്തു. വിഷു=മേടമാസം ഒന്നാംതിയതി. ചിമ്മുക=അടയ്ക്കുക. തൊടി=തോട്ടം. വിഷുപ്പക്ഷി=വിഷുവോടടുത്തു ശബ്ദിക്കുന്നപക്ഷി. പൂമാതു്=മഹാലക്ഷ്മി (ഐശ്വര്യദേവത—ലക്ഷ്മിവന്നാൽ പിറകേ സമൃദ്ധിയും വരികയായി.) വസന്തശ്രീ=വസന്തമാകുന്ന ലക്ഷ്മീദേവി. നൂപുരശിഞ്ജിതം=ചിലമ്പു് എന്ന ആഭരണത്തിന്റെ ശബ്ദം. മഞ്ജുളം=മനോഹരം. കളകൂജനം=മധുരശബ്ദം. ചിരപ്രതീക്ഷിതൻ=വളരെ നാളായി കാണാൻ ആഗ്രഹിക്കപ്പെട്ടിരുന്നവൻ. നാന്ദി=ആരംഭം. ആഹ്വാനം=വിളി. ചങ്ങാതി=സ്നേഹിതൻ. ചേതോഹരം=മനോഹരം. ചാർത്തു്=സമൂഹം. ആമൂലാഗ്രം=ചുവടുമുതൽ അഗ്രംവരെ.

രമണീയം=മനോഹരം. അഭാവം=ഇല്ലായ്മ. പൂമ്പാററ=ചിത്രശലഭം. നികുഞ്ജം=വള്ളിക്കുടിൽ. കലമ്പൽ=പരിഭ്രമം. പൊന്തൽ=വണ്ണമുള്ള. നിർബാധം=ഉപദ്രവം കൂടാതെ. നിരുത്സാഹർ=ഉത്സാഹമില്ലാത്തവർ. പ്രകൃത്യാ=സ്വഭാവേനതന്നെ. ലീലാലോലുപർ=കളിയിൽ തൽപരർ. വിദേശീയം=അന്യദേശത്തെ സംബന്ധിച്ച. പരിഷ്കാരവാതം=പരിഷ്കാരമാകുന്ന കാററു്. നിർദ്ദോഷം=ദോഷമില്ലാത്ത. നിസർഗ്ഗമോഹനം=സ്വഭാവേന മനോഹരം. അനുയോജ്യം=ചേർന്നതു്. ഹൃദയംഗമം=മനസ്സിനു് ഇണങ്ങിയതു്. അകൃത്രിമം=സ്വാഭാവികം.

സമഞ്ജസമായി=ഉചിതമായി. മേളിക്കുന്ന=ചേരുന്ന. അത്യന്തം=ഏററവും. ആസ്വാദ്യം=ഭക്ഷിക്കത്തക്കതു്. ഹൃദ്യം=പ്രിയമു

ള്ളതു്, ആമ്രപനസാദിഫലങ്ങൾ=മാങ്ങ, ചക്ക തുടങ്ങിയ പഴങ്ങൾ. വംഗനാടു്=ബംഗാൾ. ഈ മനോഹരഋതുവിനെ=വസന്തത്തെ. പരമ്പരാഗതം=തലമുറതലമുറയായി വന്നതു്. അവജ്ഞ=നിന്ദ. അനാഡംബരം=ആഡംബരം ഇല്ലാത്തതു്. ദോഷരഹിതം=ദോഷമില്ലാത്തതു്. വിഹാരം=കളി. ഹൃദയാഹ്ളാദം=മനസ്സന്തോഷം. നൈസർഗ്ഗികം=നിസർഗ്ഗസിദ്ധം. ആമോദം=സന്തോഷം. വിസ്മയം=ആശ്ചര്യം. അന്തരീക്ഷം=ആകാശം-ചുററുപാടു്. സഹജം=കൂടെ ജനിച്ചതു്. ഓജസ്സ്=മനോബലം. തേജസ്സ്=ശരീരബലം. നിരത്തു്=വഴി. പരിമളം=മണം. ചിനച്ചു്=വിളഞ്ഞു്. താദൃശങ്ങൾ=അപ്രകാരമുള്ളവ. ആസ്വദിക്കും=അനുഭവിക്കും. അനുമോദിക്കുക=അഭിനന്ദിക്കുക. വർണ്ണസങ്കരമാനു്=പലജാതികൾ കൂടിച്ചേർന്നു. വിജാതി=അന്യജാതി. ആഹാര്യശോഭ=കൃത്രിമശോഭ. ഗൃഹോപാന്തം=ഗൃഹസമീപം. ഔൽസുക്യം=ആഗ്രഹം ഉൽകൃഷ്ടമാകന്ദങ്ങൾ=ശ്രേഷ്ഠങ്ങളായ തേന്മാവുകൾ. നികരം=കൂട്ടം. വിനഷ്ടങ്ങളാക്കി=ഇല്ലാതാക്കി. പഴംകഥ=പണ്ടത്തെ കഥ. പ്രസ്ഥാനം=പുറപ്പാടു്. ഗ്രാമ്യം=അപരിഷ്കൃതം. ഗ്രാമ്യം=അസഭ്യം. വീണ്ടുകൊള്ളുവിൻ=തിരിച്ചെടുത്തുകൊള്ളുവിൻ:

1. മലനാടായ മലയാളം പ്രകൃതിമനോഹരമായ ഒരു നാടാണു്—എന്തുകൊണ്ടു്?

2. നമ്മുടെ നാട്ടിൻപുറത്തെ വസന്തപ്രകൃതി അന്നുമിന്നും ഒരുപോലെ രമണീയമാണെങ്കിലും ചിലതിന്റെ അഭാവം കാണുമാറുണ്ടെന്നു തെളിയിക്കുക.

3. "അങ്ങനെയൊക്കെ വിലസുന്നതാണു് ഈ കേരളീയ വസന്തം" എങ്ങനെയൊക്കെ?

4. പണ്ടത്തെ മലയാളിക്കുട്ടികളിൽനിന്നു് ആധുനിക ബാലകന്മാരിൽ കാണപ്പെടുന്ന വ്യത്യാസം എന്തു്? അതിന്റെ കാരണം എന്തു്?

5. മലയാളത്തെ മാമ്പഴക്കാലത്തെപ്പററി ചുരുക്കമായി വർണ്ണിക്കുക.

6. ഒട്ടചെടിപ്രസ്ഥാനംകൊണ്ടുള്ള ദോഷമെന്തു്?

7. ഈ പാഠത്തിൽനിന്നു നിങ്ങൾ ഗ്രഹിക്കുന്ന ഗുണപാഠം എന്തു്?

---

# 10. ഗംഗ.

മലയാളത്തിലെ പ്രസിദ്ധ കവികളിൽ ഒരാളാണു് ശ്രീ. വെണ്ണിക്കുളം ഗോപാലകുറുപ്പു്. അദ്ദേഹത്തിൻെറ "സൗന്ദര്യപൂജ" എന്ന കൃതിയിൽ നിന്നു് എടുത്തുചേർത്തിട്ടുള്ള ഈ പാഠത്തിൽ മാതൃമഹാത്മ്യത്തെപ്പററിയാണു് വർണ്ണിച്ചിരിക്കുന്നതു്. അമ്മയില്ലാതെ വളരുന്ന കുഞ്ഞുങ്ങളുടെ ദയനീയാവസ്ഥയെ 'ഗംഗ'യിൽക്കൂടി കവി അനുഭവപ്പെടുത്തുന്നതു് വളരെ ഹൃദയംഗമമായിട്ടുണ്ടു്.

ഉൽകണ്ഠ=മനോവ്യാധി—ദുഃഖം. മണിപ്പൈതൽ=ഓമനകുഞ്ഞു്. അസ്വാസ്ഥ്യം=സൗഖ്യമില്ലായ്മ. രമ്യമാം ഛായയിൽ=മനോഹരമായ തലമുടിയിൽ. കഞ്ചുകം=ഉടുപ്പു.. തെന്നൽ=ഇളംകാററു്. ചെമ്പനീർത്താരിതൾ=ചുവന്ന പനനീർപ്പൂവിൻെറ ഇതൾ. കുഴഞ്ഞു്=ക്ഷീണിച്ചു്. പൈദാഹം=വിശപ്പു അധികമാകയാൽ. ആലയാന്തത്തിൽ=വീട്ടിനുള്ളിൽ. ഓമലാൾ=മനോഹരി. അന്നേരത്തിൽ=ആ സമയം. കൂറു്=സ്നേഹം. പഞ്ഞം=ദാരിദ്ര്യം. പാടലസന്ധ്യാമഹസ്സിലാറാടി=വെളുപ്പും ചുവപ്പും കലന്ന സന്ധ്യാസമയത്തെ ശോഭയിൽ കളിച്ചു്. അക്ഷമം=ക്ഷമകൂടാതെ. ഗോവൃന്ദം=പശുക്കൂട്ടം. കൗതുഹലകല്ലോലദോളയിൽ=സന്തോഷംകൊണ്ടു് ഇളകിമറിയുന്ന ഊഞ്ഞാലിൽ (അതിസന്തോഷത്തോടുകൂടിയ എന്നർത്ഥം.)

വെമ്പുന്ന=തിടുക്കപ്പെടുന്ന. വെമ്പൽ=വ്യാകുലത. പരിഭ്രമം. ചേല=വസ്ത്രം. ഒക്കത്ത്=ഇളിയിൽ. കിനാവ്=സ്വപ്നം. ജാഗരം=ഉറക്കമുണർന്ന അവസ്ഥ. നിഷ്കൃപം=ദയകൂടാതെ.

1. 'ഗംഗ'യുടെ വിചാരങ്ങളെ സ്വന്തം വാക്യത്തിലെഴുതുക.

2. അമ്മയുടെ മാഹാത്മ്യത്തെപ്പററി ഈ പാഠത്തിൽ നിന്ന് നിങ്ങൾ പഠിക്കുന്നതെന്ത്?

3. അമ്മയില്ലാത്ത കുഞ്ഞുങ്ങളുടെ ദയനീയാവസ്ഥയെ വിവരിക്കുക?

............................

# 11. ഒരു കത്ത്.

ഗ്രാമവാസത്തിന്റെ ഗുണദോഷങ്ങളെ വ്യക്തമാക്കി ഗ്രാമങ്ങളുടെ നില നന്നാക്കുവാനുള്ള ഉപായങ്ങളെപ്പററിയാണ് ഈ പാഠത്തിൽ വിവരിച്ചിരിക്കുന്നത്. ഒരു നാട്ടിന്റെ ഉൽക്കർഷം അവിടത്തെ ഗ്രാമങ്ങളുടെ അഭിവൃദ്ധിയെയാണ് അധികവും ആശ്രയിച്ചിരിക്കുന്നതെന്ന് ഈ പാഠത്തിൽ പ്രകാരം സമർത്ഥിക്കുകയും ചെയ്തിരിക്കുന്നു. എഴുത്തെഴുതേണ്ട രീതിയും ഈ പാഠം വിദ്യാർത്ഥികൾക്കു മാർഗ്ഗദർശകമാണ്.

സാഹിത്യസമാജം=സാഹിത്യസംബന്ധമായി നടത്തപ്പെടുന്ന സമാജം. യുക്തിയുക്തമായി=യുക്തിക്കുയോജിച്ച വിധം. വാദിക്കുക=തർക്കിക്കുക. പക്ഷം=ഭാഗം. സുഹൃത്തുക്കൾ=സ്നേഹിതന്മാർ. സയഹാനം=വൈകുന്നേരം. ഭാവനാശാലികൾ=കല്പനാശക്തിയുള്ളവർ. ശരീരാസ്വാസ്ഥ്യം=ശരീരസുഖമില്ലായ്മ. വിദഗ്ദ്ധൻ=സമ

ത്ഥൻ. ആയാസം=ക്ഷീണം. വിശ്രമിക്കുക=ക്ഷീണം തീർക്കുക. ഉന്മേഷം=ഉത്സാഹം. സംഭരിച്ച്=ശേഖരിച്ച്. കാർഷികോല്പന്നങ്ങൾ=കൃഷിയിൽനിന്ന് ഉണ്ടാകുന്നവ. ഉപജീവനം=കാലക്ഷേപം. അന്ധവിശ്വാസം=മൂഢവിശ്വാസം.

1 ഗ്രാമീണരുടെ അവശതകൾ എന്തെല്ലാം?

2. ഗ്രാമീണരെ അപേക്ഷിച്ച് നഗരവാസികൾക്കുള്ള സൗകര്യങ്ങൾ ഏവ?

3. ഗ്രാമീണരുടെ നില നന്നാക്കുവാൻ ചെയ്യേണ്ടതെന്തെല്ലാം?

---

# 12. കാക്ക.

സരസകവിയായ വൈലോപ്പിള്ളി ശ്രീധരമേനോൻ കന്നി കൊയ്ത്തിനെപ്പററിയെഴുതിയിട്ടുള്ള കൃതിയിലെ ഒരു ഭാഗമാണ് ഈ പാഠം. കാക്ക കാഴ്ചയിൽ ഭംഗിയുള്ളതല്ലെങ്കിലും ജനോപകാരംകൊണ്ട് പക്ഷിവർഗ്ഗത്തിൽ അതിന് ഒരു നല്ല സ്ഥാനത്തിനവകാശമുണ്ടെന്നാണ് കവി ഈ പാഠത്തിൽ സ്ഥാപിച്ചിരിക്കുന്നത്.

കൂരിരുട്ടിൻ കിടാത്തി=കൂരിരുട്ടിന്റെ പെൺപൈതൽ. (കാക്കയുടെ നിറം കൂരിരുട്ടുപോലെ കറുത്തതാണല്ലോ.) കിടാത്തൻ എന്നതിന്റെ സ്ത്രീലിംഗം കിടാത്തി. ഉററതോഴി=പ്രിയസഖി. (പ്രഭാതത്തോടുകൂടി കാക്ക കൂടുവിട്ടു പുറത്തിറങ്ങുകയാണു പതിവ്.) കാക്കണം=പരിപാലിക്കണം. പുലരി=പ്രഭാതം. തീറ്റു [illegible] [illegible] [illegible]. അടിയുക=താഴുക. താരനാദം=ഉച്ചത്തിലുള്ള ശബ്ദം.

കാരണവത്തി=അമ്മായി—കാരണവൻ എന്നതിൻെറ സ്ത്രീലിംഗം. ഉക്തി=വാക്ക്. ഗേഹലക്ഷ്മി=ഗൃഹലക്ഷ്മി. ഗേഹം=ഗൃഹം. ഭവനം കോലായി=ഇറയം. ചോറിൻ...മ്പോൾ=കറികൾ പാകം ചെയ്യുമ്പോൾ. ആഞ്ഞുതിമിക്കും=ഉത്സാഹംകൊണ്ടു ചാടികളിക്കുന്നു. ഞാണ്ണൂൽ=മണ്ണിര. പടവെട്ടുക=യുദ്ധംചെയ്യുക. നീട്ടി വിളംബരംചെയ്യുക=ഉറക്കെവിളിച്ചുപറയുക. ചേലു്=ഭംഗി. നാനാവേലകൾ=പലതരംവേലകൾ. അഭിരാമം=മനോഹരം. തിരക്ക്=ബഹളം. സ്നേഹാ...ഘോഷം=സ്നേഹത്തോടും അധികാരത്തോടുംകൂടി പുറപ്പെടുവിക്കുന്ന ശകാരങ്ങളുടെ ഘോഷം. ചില്ല=ചുള്ളി. പത്മരാഗം=ചുമന്നരത്നം. (ഇവിടെ പത്മരാഗത്തിൻെറ നിറത്തിലുള്ള പൂക്കൾ.) കൂത്തടിക്കുക=ഉത്സാഹംകൊണ്ടു നൃത്തം ചെയ്യുക. താമസപിണ്ഡം=മൂഢതയ്ക്കു് ഇരിപ്പിടമായ ശരീരം.

കാക്ക കൂരിരുട്ടുപോലെ കറുത്തതാണു്. സന്ധ്യയായാൽ അതു് കൂടിനെ അഭയംപ്രാപിക്കും, എന്നാൽ പ്രഭാതത്തിൽ നേരത്തെ ഉണന്നു് സൂര്യപ്രകാശത്തിനു സ്വാഗതമരുളുക പതിവാണു്. അതിനാൽ സൂര്യപ്രകാശത്തിൻെറ സഖിയാണു കാക്ക. അതിൻെറ ആഹാരം വൃത്തികെട്ട പദാർത്ഥങ്ങളാണെങ്കിലും അതിനു് വളരെ വൃത്തിയുണ്ടു്. എല്ലാവരോടും കാക്കയ്ക്കു് സ്നേഹമുണ്ടു്. സ്വാതന്ത്ര്യം പരിപാലിക്കുന്നതിലും അതിനു് ആഗ്രഹമുണ്ടു്.

പ്രഭാതത്തിൽ കിഴക്കുദിക്കു് അരുണവർണ്ണമണിഞ്ഞു ശോഭിക്കുമ്പോൾ, ആകാശത്തു് ചന്ദ്രകല മങ്ങിത്തുടങ്ങുകയും, നക്ഷത്രങ്ങൾ മറയുകയും ചെയ്യുമ്പോൾ ആദ്യമായി നാം കേൾക്കുന്നതു് പുളിമരത്തിൻെറ കൊമ്പിലിരുന്നു് നമ്മെ വിളിച്ചുണർത്തുന്ന കാക്കയുടെ ശബ്ദമായിരിക്കും.

മാടത്തയും, തത്തയും, കുയിലും, പ്രാവും നാലുകെട്ടിൽ പാടി കളിച്ചാലും ഗൃഹലക്ഷ്മിക്കു് ഉള്ളിൽ സ്നേഹം കാക്കയോടാണു്.

അമ്മ ചോറും കറിയും പാകംചെയ്യുമ്പോൾ, വീട്ടിൽ നിന്നു് പുക മേലോട്ടു പടരുമ്പോൾ, ബാലൻ ഞാണ്ണൂലുമായി മുററത്തു് ഉത്സാഹത്തോടെ പടവെട്ടുമ്പോൾ കാക്ക പതുക്കെപ്പതുക്കെ ചോടുകൾ വച്ചും, ചെരിച്ചുനോക്കിയും, പൂടകൾ ചൊറിഞ്ഞു വീർത്തിയും ഗ്രാമജീവിതത്തിന്റെ മേന്മയെ വിളംബരം ചെയ്യുന്നുണ്ടാവും.

ഭംഗിയില്ല്യ വേലചെയ്യുന്നതിലാണ് കാക്കയ്ക്കു പ്രിയം. കാക്കയുടെ കാലുകൾ പതിയുന്ന സ്ഥലങ്ങളെല്ലാം ചാണകവെള്ളം തളിച്ചാലെന്നപോലെ പരിശുദ്ധമാകും. അഴുക്കടിഞ്ഞ മൂലകളിലും ചാഴിയും പുഴുക്കളും നിറഞ്ഞ സ്ഥലങ്ങളിലും സദാ വേലചെയ്യുന്ന നീലിപ്പുലക്കള്ളിയാണു കാക്ക. ഈ വേലത്തിരക്കിൽ കാക്ക പുറപ്പെടുവിക്കുന്ന സ്നേഹാധികാര ശകാരഘോഷം ലോകാഭിരാമമാണതാനും.

മുരിക്കുമരത്തിന്റെ ചില്ലകളിൽ പത്മരാഗ തുല്യങ്ങളായ പൂക്കൾ പ്രകാശിക്കുമ്പോൾ കാക്കയുടെ ഉത്സാഹം കാണേണ്ടതാണ്. സദാവേലചെയ്തു കാലംകഴിക്കുന്ന കറുത്ത കാക്കയ്ക്കു ഈ മേന്മയെല്ലാം നല്കിയതാരായിരിക്കാം?

1. ഈ പാഠത്തിൽ കവി കാക്കയെ ഏതെല്ലാം വിധത്തിൽ പ്രശംസിച്ചിരിക്കുന്നു എന്നു പറക.

2. മനുഷ്യർക്കു് കാക്കയും ഉപകാരമുള്ള ഒരു പറവയാണെന്നു തെളിയിക്കുക.

---

# 13. നിയമപാലനം

നിയമങ്ങൾ രാജ്യത്തിന്റേയും ജനങ്ങളുടേയും രക്ഷയ്ക്കു് ആവശ്യമാണെന്നും, ജനങ്ങളുടെ ജീവിതരീതി മാറുന്നതനുസരിച്ചു് നിയമങ്ങൾക്കും മാററമുണ്ടാകുന്നതാണെന്നും ജനാധിപതത്വം എന്താണെന്നും മററും യുക്തിയുക്തം ഈ പാഠത്തിൽ വിവരിച്ചിരിക്കുന്നു.

നേതൃത്വം=നായകത്വം. വിദേശീയാധിപത്യം അന്യദേശീയരുടെ മേലധികാരം. പദ്ധതി=മാർഗ്ഗം, കർമ്മക്രമം. സംഘട്ടനം=കൂട്ടിമുട്ടൽ. പാരതന്ത്ര്യം=മറെറാരുവന്റെ ഇഷ്ടത്തിനു് അധീനമായിരിക്കുന്ന അവസ്ഥ, അസ്വാധീനത. X സ്വാതന്ത്ര്യം. വിമുക്തമായി=മോചിക്കപ്പെട്ടു. സമരസരണി=യുദ്ധമാർഗ്ഗം. ആവിഷ്കരിക്കുക=നടപ്പിലാക്കുക, ആരംഭിച്ചു. കൃതജ്ഞത=നന്ദി. കൃതജ്ഞത X കൃതഘ്നത. ആദരവു്=ബഹുമാനം. അസഹിഷ്ണുത=സഹിക്കവഹിയായ്മ. തികച്ചും=പൂർണ്ണമായും. പരിതാപകരം=സങ്കടകരം. അവജ്ഞ=നിന്ദ, വെറുപ്പു്. വീക്ഷിക്കുക=നോക്കുക. പ്രസ്ഥാനം=പുറപ്പാടു്, രീതി. കാതൽ=സാരം. പരാജിതം=തോല്പിക്കപ്പെട്ടു. ആത്മാഭിമാനം=തന്നെപ്പററിയുള്ള അഭിമാനം. പൌരുഷം=പുരുഷധർമ്മം—ധീരത. പൌരൻ=പുരവാസി. ക്ഷേമം=ഐശ്വര്യം. വികാസം=വളർച്ച. ക്രോഡീകരിച്ചു്=ശേഖരിച്ചു്. നിലവിൽ വരുത്തുക=നടപ്പിലാക്കുക. "നാഗരികം=പരിഷ്കൃതം. വീഥി=വഴി. ഘോരകാന്താരം=ഭയങ്കരവനം. മൃത്യുഭയം=മരണഭയം.

വ്യക്തിപരമായി=ഓരോരുത്തനെയായി. ശുചിത്വം=ശുചിയായിരിക്കുന്ന അവസ്ഥ. വിസർജ്ജിക്കുക=വെളിയിൽ കളയുക. അഭയം പ്രാപിക്കുക=രക്ഷപ്രാപിക്കുക. അനുകരിക്കുക=മാതൃകയാക്കിസ്വീകരിക്കുക. ആരോഗ്യനിയമങ്ങൾ=രോഗമില്ലാ-

തിരിക്കുന്നതിനുള്ള നിയമങ്ങൾ. നിർഭയം=ഭയംകൂടാതെ. ഉടമ= അവകാശം. ഭൂരിഭാഗം=അധികംഭാഗം. അനുശാസിക്കുക=ആജ്ഞാപിക്കുക. വ്യവസ്ഥകൾ=നിയമങ്ങൾ. വിധേയമായി=കീഴടങ്ങി. സാമൂഹ്യം=സമൂഹത്തെസംബന്ധിച്ച. ഉപകരണങ്ങൾ=സാമഗ്രികൾ. നിയന്ത്രിക്കുക=അടക്കിനിർത്തുക. ഭദ്രതയ്ക്ക്=സുഖത്തിന്, ഉറപ്പിന്. ഹാനികരം=നാശകരം. അംഗീകരിക്കുക=സ്വീകരിക്കുക. പരിധി=ചുററളവ്. അനധികൃതമായി=അവകാശമില്ലാതെ. സാമ്പത്തികം=സമ്പത്തിനെ സംബന്ധിച്ചത്. സ്ഥിതിസമത്വം=സ്ഥിതിയിലുള്ള തുല്യത. തത്വം=പരമാർത്ഥം, രഹസ്യം. സ്വൈരജീവിതം=സുഖജീവിതം. സ്വേച്ഛാചാരം=തന്റെ ഇച്ഛയനുസരിച്ച പ്രവൃത്തി. വിപ്രതിപത്തി=ഇഷ്ടമില്ലായ്മ. പരിതഃസ്ഥിതി=ചുററുമുള്ള അവസ്ഥ. ശാശ്വതം=എന്നും നിലനിൽക്കുന്നത്. X അശാശ്വതം. നശ്വരം. അവശത=ക്ഷീണം. പ്രക്ഷോഭം=ഇളക്കം. അച്ചടക്കം=ബഹുമാനം.

1. വിദേശീയാധിപത്യത്തിനെതിരായി മഹാത്മാഗാന്ധി സ്വീകരിച്ച സമരസരണി എന്തായിരുന്നു? അതുനിമിത്തമുണ്ടായ ഗുണവും ദോഷവും എന്ത്?

2. ധിക്കരിക്കേണ്ട നിയമങ്ങൾ എവ? അനുസരിക്കേണ്ട നിയമങ്ങൾ എവ?

3. നിയമപരിപാലനമാണ് ഒരു പൗരന്റെ മുഖ്യമായ ധർമ്മമെന്നു തെളിക്കുക.

4. ജനാധിപത്യം എന്നാൽ എന്ത്? അതിന്റെ അടിസ്ഥാനപ്രമാണങ്ങൾ എന്തെല്ലാം?

5. നിയമങ്ങൾ ശാശ്വതങ്ങളാണോ? അല്ലെങ്കിൽ എന്തുകൊണ്ട്?

6. ഭൂസ്വത്തുടമ സംബന്ധിച്ച് ഇന്ന് ഇന്ത്യയിൽ നടന്നുവരുന്ന പരിശ്രമങ്ങൾ എന്തെല്ലാം?

7. ജനാധിപത്യത്തിന്റെ ആണിക്കല്ല് എന്ത്?

8. ഇംഗ്ലീഷുജനതയുടെ മഹത്വത്തിന്റെ രഹസ്യം എന്ത്?

9. ഹിററ്ലരെ ഏതെങ്കിലും കാര്യത്തിൽ അനുകരിക്കാമോ? ആവാമെങ്കിൽ ഏതിൽ?

10. സോഷ്യലിസത്തിന്റെ സ്വഭാവം വിവരിക്കുക?

---

# 14. നമ്മുടെ കൊടി

ഒരു നല്ല വാസനാ കവിയാണ് ശ്രീ. എം. പി അപ്പൻ—പാണ്ഡിത്യത്തിന്റേയും പരിശ്രമത്തിന്റേയും ഫലങ്ങളാണ് അദ്ദേഹത്തിന്റെ കൃതികളെല്ലാം. വായിക്കുവാനും ആസ്വദിക്കുവാനും ഒന്നുപോലെ ഉപകരിക്കുന്നവയത്രേ അവ. നമ്മുടെ നാട്ടിനോടും അതിന്റെ പ്രകൃതി വിലാസങ്ങളോടുമുള്ള സവിശേഷമായ പ്രതിപത്തിയാണ് അദ്ദേഹത്തിന്റെ മിക്ക കൃതികളിലും തെളിഞ്ഞു കാണുന്നതു്. ചിരകാലപ്രതീക്ഷിതമായ സ്വാതന്ത്ര്യത്തിന്റെ ചിഹ്നമായ നമ്മുടെ ത്രിവർണ്ണപതാകയെ അഭിവന്ദനം ചെയ്തുകൊണ്ട് അദ്ദേഹം രചിച്ചിട്ടുള്ള ഒരു ചെറിയ കൃതിയാണ് ഈ പാഠം. കവിയുടെ രാജ്യഭക്തിയും, സ്വാതന്ത്ര്യതൃഷ്ണയുമാണ് ഇതിൽ ആദ്യന്തം പ്രകാശിക്കുന്നതു്.

പൊൻകൊടി=ശ്രേഷ്ഠമായ കൊടി. ജയക്കൊടി=ജയത്തെ വിളിച്ചറിയിക്കുന്ന കൊടി—സ്വാതന്ത്ര്യോദയ മാരുതൻ=സ്വാതന്ത്ര്യത്തിന്റെ ഉദയത്തിൽ വീശുന്ന കാററ്. ശ്രീതിരളുംപടി=ഐശ്വര്യം വർദ്ധിക്കുന്നവിധത്തിൽ. പാറുക=പറക്കുക. മണിവേദിക=ചുററുമുള്ള രത്നത്തറ, പരിഷ്കൃതഭൂമി. കോമളഭാസ്സെഴുമുയിർ=മനോഹരമായ ശോഭയെ വഹിക്കുന്ന ജീവൻ. ധർമ്മോത്സുകർ=

കർത്തവ്യ നിർവഹണത്തിൽ തൽപരർ. തുവേർപ്പ്=പരിശുദ്ധമായ വിയർപ്പ്. കർമ്മോജ്ജ്വലർ=പ്രവൃത്തിചെയ്തുശോഭിക്കുന്നവർ—പുഷ്ടി=ശക്തി. തഴച്ച്=വളർന്ന്(കൊഴുത്തു.) ഉൽകൃഷ്ടാഭ=അധികമായശോഭ. ഉൽകൃഷ്ടം X അപകൃഷ്ടം. സുന്ദരസുരഭിലമട്ടമലർ=സുന്ദരവും മണവും തേനും ഉള്ളതുമായ പൂവ്. ഞങ്ങടെ—— പച്ചനിറം=കൊടിയിലെ ചുമപ്പുനിറം ഭാരതീയരുടെ പൗരുഷത്തേയും വെള്ളനിറം പവിത്രമായ ജീവിതത്തേയും പച്ചനിറം കർമ്മകുശലതയേയുംവെളിപ്പെടുത്തുന്നു എന്നർത്ഥം. നിത്യസുഖം=ശാശ്വതസുഖം. മനുജർ=മനുഷ്യർ കാരുണി=ദയ. നീണാൾ=നീൾ X നാൾ=ദീർഘകാലം. ഗീതി=പാട്ട്. ലോകരക്ഷാരകമധുരത=ലോകരക്ഷണത്തിന്റെ മാധുര്യം. വന്ദ്യജഗദ്ഗുരു=ആരാധ്യനായലോകഗുരു. ദേവസമൻ=ദേവതുല്യൻ. ശുദ്ധത=പരിശുദ്ധി. യുവഹരിമണി=യുവസിംഹങ്ങളിൽ രത്നമായുള്ളവൻ. (ഹരി: എന്നപദത്തിന് സൂര്യൻ, വിഷ്ണു, വായു, സിംഹം, തവള, കുതിര, കുരങ്ങ്, രശ്മി, ചന്ദ്രൻ, യമൻ, ശുക്രൻ, സർപ്പം, ശിവൻ, ബ്രഹ്മാവ് എന്നു തുടങ്ങി പല അർത്ഥവുമുണ്ട്.) ജവഹരി=ജവഹരിലാൽ നെഹ്റു. (ജവഹാർ=രത്നം) ഓമനയാം=വാത്സല്യമുള്ള. മംഗളമേദുരകാന്തി=മംഗളകരവും വർദ്ധിച്ചതുമായശോഭ(ബുദ്ധന്റെകാരുണ്യം, അശോകന്റെനീതിനൈപുണ്യം, ടാഗോർ കവിതകളുടെമാധുര്യം ഗാന്ധിജിയുടെ ജീവിതശുദ്ധി നെഹ്റുവിന്റെ ധൈര്യം, സുഭാഷിന്റെ ശൗര്യം എന്നിവയെല്ലാം, ത്രിവർണ്ണപതാകയിൽ ഇണങ്ങി കാണുവാൻ കവി ആഗ്രഹിക്കുന്നു). പുലരാൻ=വളരാൻ—അഭിമാനോൽഗമം=അഭിമാനവർദ്ധന! ആശാമഞ്ജരി=ആശയാകുന്ന പൂങ്കൊത്ത്—ആശാസമൂഹം.

1. കവിയുടെ ഭാവനയ്ക്ക് 'നമ്മുടെ കൊടി' എന്തെല്ലാം വിധത്തിൽ വിഷയമായിരിക്കുന്നുഎന്നു വിവരിക്കുക?

2. കവി സ്മരിക്കുന്ന ഭാരതീയമഹാന്മാർ ആരെല്ലാം? അവർ സ്മര്യപുരുഷന്മാരായതെങ്ങനെ?

3. കൊടിയിൽ കാണുന്ന മൂന്നു വർണ്ണങ്ങളെപ്പററിയുള്ള കവിയുടെ കല്പനകൾ എങ്ങനെ?

---

# 15. ഉദകമണ്ഡലൻ

ഊട്ടിയിൽ മാത്രം പിടിച്ചു കണ്ടിട്ടുള്ള വിശേഷതരമായ ഒരു മാവിൻതയ്യ് എങ്ങനെയോ ഒരു പറമ്പിൽ വളരുവാനിടയായി. ഭാഗ്യവശാൽ കൈവശം വന്നുചേർന്ന ആ പറമ്പിൻെറ ഉടമസ്ഥൻ അതിൽ ഫലവൃക്ഷങ്ങൾ പലതുമുണ്ടായിരിക്കെ അവയെ ഒന്നും ഗണിക്കാതെ ഒരു കൃഷിവിദഗ്ദ്ധൻെറ ഉപദേശപ്രകാരം അതിനെ ഒരു പുതിയ നേട്ടമായി കരുതി വാത്സല്യപൂർവം ശുശ്രൂഷിച്ചുവളർത്തി. അതിൻെറ ഫലത്തെപ്പററിയാണ് ഈ പാഠത്തിൽ വിവരിച്ചിരിക്കുന്നത്.

പ്രതീക്ഷിച്ചിരുന്നില്ല=ആശിച്ചിരുന്നില്ല. കുതിരകയറുക=ഇഷ്ടംപോലെ എന്തും ചെയ്യുക. (ഒരു ശൈലിയാണിത്) സാധുപ്രകൃതി=സാധുസ്വഭാവം. ദയനീയങ്ങൾ=ദയതോന്നിക്കത്തക്കവ. കട=ചുവട്. കുണ്ഠിതം=ദുഃഖം. പൂർവ്വസുകൃതഫലം=മുജ്ജന്മത്തിൽ ചെയ്ത പുണ്യത്തിൻെറ ഫലം. ചെന്തളിർതൊത്ത്=ചുവന്നതളിരിൻകുല. കുശലം=ക്ഷേമം. ആമ്രപരിചര്യാശ്രമം=മാവിൻെറ ശുശ്രൂഷയിലുള്ള ശ്രമം. കടിഞ്ഞൂൽമാമ്പഴം=ആദ്യമുണ്ടാകുന്നമാമ്പഴം, അത്യവധാനം=അതിയായ ജാഗ്രത. പ്രിയതമ=ഭാര്യ. അസ്വാരസം=നീരസം. കൗതുകം=ആഗ്രഹം.

1. സ്വന്തം വാക്യത്തിൽ ഈ പാഠം സംക്ഷേപിച്ചെഴുതുക.

2. "അതിരുകവിഞ്ഞ സ്നേഹം അനിഷ്ടത്തിലേ കലാശിക്കൂ" എന്ന ചൊല്ലിനു് ഈ പാഠം ഉദാഹരണമാകുന്നുവെന്നു കാണിക്കുക.

3. ബുദ്ധിപൂർവ്വം പ്രവർത്തിച്ചാലേ ഉദ്ദിഷ്ടഫലം ലഭിക്കയുള്ളു എന്നു് ഈ പാഠത്തിൽ നിന്നു തെളിയിക്കുക.

---

# 16. ഗായകൻ.

കൈരളീഭക്തന്മാരായ ഇന്നത്തെ കവികളിൽ ഒരു മാന്യസ്ഥാനത്തിനു് അർഹനാണു് ശ്രീമാൻ. നാലാങ്കൽ കൃഷ്ണപിള്ള. അനസ്യൂതം കൈരളീസേവനം ആചരിച്ചു പോരുന്ന അദ്ദേഹം മഹാകവി രവീന്ദ്രനാഥടാഗോറിന്റെ ഒരു കൃതിയിൽ നിന്നു തർജ്ജമ ചെയ്തിട്ടുള്ളതാണു് 'ഗായകൻ' എന്ന ഈ പാഠം.

അണഞ്ഞിതു=അടുത്തു വന്നിരിക്കുന്നു. (പ്രാപിച്ചിരിക്കുന്നു) ജീർണ്ണിച്ച=പഴയതായ. പാഴ്കുടിൽ=കേടുപിടിച്ച കുടിൽ (നിസ്സാരമായ കുടിൽ) അക്ഷയഭാസ്സു്=ഒരിക്കലും നശിക്കാത്ത ശോഭ. ക്ഷിതിഗോളം=ഗോളാകൃതിയിലുള്ള ഭൂമി. മന്ദഹാസം=പുഞ്ചിരി. ദ്യുതി=ശോഭ. വീശി=വിതറി. മന്ദിരം=ഭവനം. കവാടം=വാതിൽ. നിരർത്ഥമാംഗാനം=അർത്ഥമില്ലാത്ത പാട്ടു്. പ്രീതി=സന്തോഷം. താവകഗാനതരംഗിണി=അങ്ങയുടെപാട്ടിൽനിന്നു പുറപ്പെട്ട തിരമാല. പ്രതിദ്ധ്വനിക്കുക=മാറ്റൊലി കൊള്ളുക. എതിരേൽക്കാൻ=സൽക്കരിക്കാൻ. നിർഗ്ഗന്ധം=മണമില്ലാത്തതു്. 'ഉപദ=കാഴ്ചദ്രവ്യം. ഭവദീയ....സദസ്സിൽ=അങ്ങയുടെ പേരുകേട്ടസദസ്സിൽ. സുഗായകർ=നല്ല പാട്ടുകാർ. ശുഷ്കം=നിസ്സാരം. സത്യസംഗീതം=യഥാർത്ഥസംഗീതം. മേളിക്കുക=ചേരുക, നിർവ്വാണദായകം=മോക്ഷം

കൊടുക്കുന്നതു്. ഭവത്സംഗീതനിമ്നഗ=അങ്ങയുടെ സംഗീതമാകുന്ന നദി. സാന്ദ്രം=ഇടതിങ്ങിയ. വിൺഗംഗ=ദേവഗംഗ. ധന്യത=കൃതാർത്ഥത. ജന്മമാംവല്ലരി=ജീവിതമാകുന്ന വള്ളി.

1. ഈ പാഠത്തിന് ഗായകൻ എന്ന പേരു് എത്രമാത്രം യോജിക്കുന്നുണ്ടെന്നു പറയുക.

2. ഈ കൃതിയുടെ സാരം സ്വന്തവാക്യത്തിലെഴുതുക.

3. കവിയുടെ കൃതാർത്ഥതയ്ക്കുള്ള കാരണം വ്യക്തമാക്കുക.

# 17. തേയില.

ഇന്നു് ലോകത്തെവിടെയും ഉപയോഗത്തിലിരിക്കുന്ന ഒരു പദാർത്ഥമാണു് തേയില. അതിനെപ്പററി സാമാന്യമായിട്ടെങ്കിലും വിദ്യാർത്ഥികൾ അറിഞ്ഞിരിക്കേണ്ടതു് ആവശ്യമാണു്. ആ ഉദ്ദേശത്തോടുകൂടി എഴുതപ്പെട്ടിട്ടുള്ളതാണു് ഈ പാഠം.

വിജ്ഞാനം=അറിവു്. ഐതിഹ്യം=കേട്ടുകേൾവി. പാർശ്വവർത്തികൾ=അടുത്തുനില്ക്കുന്നവർ. ഇദംപ്രഥമമായി=ആദ്യമായി. അനന്യസാമാന്യം=അസാമാന്യം. അക്ഷീണമായി=ക്ഷീണം ബാധിക്കാതെ. സിംഹളദ്വീപ്=സിലോൺ. വ്യാപ്തി=വ്യാപിക്കുക എന്ന ക്രിയയുടെ നാമരൂപം. ബഹിഷ്കൃതമായി=പുറംതള്ളപ്പെട്ടു. സാമ്രാജ്യം=സമ്രാട്ടിനാൽ (ചക്രവർത്തിയാൽ) ഭരിക്കപ്പെടുന്ന രാജ്യം. ഉതകുന്ന=ഉപയോഗപ്പെടുന്ന. വർഷപാതം=മഴപൊഴിച്ചൽ. നിമ്നോന്നതം=താണും പൊങ്ങിയുമുള്ളതു്. യുക്തം=യോജിച്ചതു്. പരിചര്യ=ശുശ്രൂഷ. പരിമാണം=അളവു്. ശിശിരർത്തു=ശിശിര+ഋതു=മഞ്ഞുകാലം. പല്ലവം=തളിരു്. അങ്കുരിക്കുക=പൊടിക്കുക. ഛേദിക്കുക=മുറിക്കുക. പിഷ്ടം=പേഷണം ചെയ്യപ്പെട്ടതു്.

1. കച്ചവടദ്രവ്യമാകുന്നതിനു മുൻപുള്ള തേയിലയുടെ ചരിത്രം ചുരുക്കിയെഴുതുക.

2. യൂറോപ്പിൽ തേയിലക്കച്ചവടം വ്യാപിച്ചതെപ്പോൾ?

3 തേയിലകൃഷിക്കു പറ്റിയ സ്ഥലവും കാലാവസ്ഥയും എവ?

4. തേയിലകൃഷിചെയ്യുന്ന വിധം വിവരിക്കുക.

5. തേയില പാകം ചെയ്തെടുക്കുന്ന രീതി എങ്ങനെ?

6. തേയിലത്തരങ്ങൾ എതെല്ലാം?

7. ഇപ്പോൾ തേയിലകൃഷിയും വ്യാപാരവും പ്രാബല്യത്തിലിരിക്കുന്ന രാജ്യങ്ങൾ എവ?

............................

# 18 ജ്യേഷ്ഠനും അനുജനും.

വളരെ കാലങ്ങൾക്കു മുമ്പുതന്നെ പല നല്ല കാവ്യങ്ങളും നിർമ്മിച്ചു പ്രസിദ്ധി നേടിയിട്ടുള്ള ഒരു കവിവര്യനാണു് ശ്രീ. പി. ജി. രാമയ്യർ. അദ്ദേഹത്തിന്റെ 'രവീന്ദ്രകൃതി'യിൽ നിന്നു് എടുത്തു ചേർത്തിട്ടുള്ളതാണു് ഈ പാഠം.

അമ്പിളി=ചന്ദ്രൻ. മാമരം=മഹാമരം. സഹജൻ=സഹോദരൻ. അഗ്രജൻ=ജ്യേഷ്ഠൻ. പച്ചപടവിഡ്ഢി=ശുദ്ധമറയൻ (തീരെ ബുദ്ധിയില്ലാത്തവൻ) ഉച്ചത്തിൽ=ഉയരത്തിൽ. മെച്ചമായ്=ഭംഗിയായി. ഹസിച്ചു=ആക്ഷേപിച്ചു. ഓതിനാൻ=അവൻ പറഞ്ഞു. പിട്ടുംപിരട്ടും=കള്ളവും ചതിയും. ജാലകം=കിളിവാതിൽ. ലീല=കളി. നേരസ്ഥൻ=സത്യവാൻ. മന്ദസ്മിതം തൂകി=പുഞ്ചിരിപൊഴിച്ചു. വങ്കൻ=മൂഢൻ. ചിലയ്ക്കുക അർത്ഥമില്ലാതെ പറയുക. ചാരത്തു =സമീപത്തു്. ദന്തമൊട്ടുകൾ=പൂമൊട്ടുപോലെയുള്ള

പല്ലുകൾ. ഉൾപ്പൂവ്=മനസ്സ്. സന്ദേഹമെന്നിയെ=സംശയംകൂടാതെ സോമൻ=ചന്ദ്രൻ. ചാലവേ=ഭംഗിയാകുംവണ്ണം. പീയൂഷരശ്മി=അമൃതരശ്മി. തൂകി=പൊഴിച്ചു.

1. ജ്യേഷ്ഠാനുജന്മാർ തമ്മിലുള്ള സംഭാഷണം സ്വന്തം വാക്യത്തിൽ ചുരുക്കിയെഴുതുക.

2. അനുജന്റെ ദോഷം എന്തു? അതിനെ ആ ബാലൻ എങ്ങനെ സമർത്ഥിക്കുന്നു.

3. ഈ പാഠത്തിൽ നിന്നു നിങ്ങൾ പഠിക്കുന്ന ഗുണപാഠം എന്തു്?

---

# 19 സൈന്ധവസംസ്കാരം.

മാനവസംസ്കാരത്തിന്റെ ആരംഭം ഗ്രീസിലാണെന്നാണ് പാശ്ചാത്യർ അടുത്തകാലംവരെ അവകാശപ്പെട്ടിരുന്നതു്. പക്ഷേ ഗവേഷണങ്ങളുടെ ഫലമായി, ആ അഭിപ്രായത്തിനു മാററംവന്നു. സിന്ധുനദീതീരപ്രദേശങ്ങൾ കുഴിച്ചപ്പോൾ ഒന്നിനുമേൽ മറെറാന്നായി പല നഗരങ്ങൾ വെളിപ്പെട്ടതാണ് അതിനു കാരണം. അവയിൽ ഏററവും ചുവട്ടിലായി സ്ഥിതിചെയ്തിരുന്ന പ്രാചീനനഗരമാണ് മോഹൻജൊദാരോ. ക്രിസ്തുവിനു മുമ്പു മൂവായിരത്തിൽപരം കൊല്ലം പഴക്കമുള്ള ആ നഗരത്തേയും അന്നത്തെ സംസ്കാരത്തെയും പററിയാണ് ഈ പാഠത്തിൽ പ്രതിപാദിച്ചിരിക്കുന്നതു്.

സൈന്ധവ സംസ്കാരം=സിന്ധുനദീതീരവാസികളുടെ പരിഷ്കാരം. മൃഗത്വം=മൃഗതുല്യമായ അവസ്ഥ. വിവേകം=തിരിച്ചറിവു്, യഥോചിതം=ഉചിതംപോലെ. ഉത്തരോത്തരം=മേല്ക്കുമേൽ. ഭദ്രം=മംഗളം, അംഗീകൃതം=സ്വീകരിക്കപ്പെട്ടതു്. ആർജ്ജി

ക്കക=സമ്പാദിക്കുക. പരിപോഷിപ്പിക്കുക=വർദ്ധിപ്പിക്കുക. അന്തരിക്കുക=മരിക്കുക. സങ്കീർണ്ണമായ=പലതരത്തിലുള്ള. ജീവിതാർത്ഥങ്ങൾ=ജീവിതത്തിന്നാവശ്യമുള്ളവ. മനുഷ്യരാശി=മനുഷ്യസമൂഹം. തത്വജ്ഞന്മാർ=പരമാർത്ഥബോധമുള്ളവർ. രാജ്യമീമാംസകന്മാർ=രാജ്യഭരണശാസ്ത്രജ്ഞന്മാർ. പ്രദോഷം=സന്ധ്യ. ഭൂരിപക്ഷം പേരും=പകുതിയിലധികം പേരും. പ്രാചീനം=പഴയതു് X അർവാചീനം പ്രഖ്യാപനം ചെയ്യു=പ്രസിദ്ധം ചെയ്ക. അഭിമാനഭരിതർ=അഭിമാനം നിറഞ്ഞവർ. ഗവേഷകന്മാർ=അന്വേഷകന്മാർ. സാമഗ്രി=ഉപകരണം. ഭക്ഷ്യപദാർത്ഥങ്ങൾ=ആഹാരസാധനങ്ങൾ. മേട്ട്=ഉയർന്ന പ്രദേശം. യദൃച്ഛികമായി=പെട്ടെന്നു്; വിചാരിച്ചിരിക്കാതെ. ഫലമൂലാദികൾ=കായ് കിഴങ്ങു് മുതലായവ. പ്രകൃതിദത്തങ്ങൾ=പ്രകൃതിയാൽ ദാനം ചെയ്യപ്പെട്ടവ. ആനുകൂല്യങ്ങൾ=സഹായങ്ങൾ. ആദ്യപൂർവ്വന്മാർ=ആദ്യന്മാർക്കും മുമ്പുള്ളവർ. പ്രണേതാക്കൾ=നിർമ്മിതാക്കൾ. അസന്ദിഗ്ദ്ധമായി=സന്ദേഹംകൂടാതെ. നേട്ടങ്ങൾ=സമ്പാദ്യങ്ങൾ.

വിശാലമസ്സാതസ്സ്=വിസ്താരമേറിയ ഉറവ. ഖനനംചെയ്യുകഴിക്കുക. നാഗരികജീവിതം=പരിഷ്കൃതജീവിതം. സജ്ജീകരിക്കുക=തയ്യാറാക്കുക. (നാമം) സജ്ജീകരണം. ജനപദം=നഗരം (രാജ്യം)വിവേചനവിദഗ്ദ്ധന്മാർ=തിരിച്ചറിവാൻ സാമർത്ഥ്യമുള്ളവർ. വീഥി=വഴി. തെരുവു്. നിലവാരം=വ്യവസ്ഥ, അടിസ്ഥാനം. സ്നാനഘട്ടം=കുളിക്കാനുള്ള കടവു്. ഇണക്കുക=യോജിപ്പിക്കുക. ഉദരത്തിൽ=ഭൂമിക്കുള്ളിൽ. ചൂള=ഒരു തരം വലിയ അടുപ്പു്. നീഹാരസ്നാനാദികൾ=വിസർജ്ജനം, കുളിമുതലായവ,

വശീഭവിക്കുക=സ്വാധീനമാകുക. വിശ്വസനീയങ്ങൾ=വിശ്വസിക്കപ്പെടാവുന്നവ. സാക്ഷ്യങ്ങൾ=തെളിവുകൾ. അജ്ഞാതമായിരുന്നില്ല=അറിയപ്പെടാതിരുന്നില്ല. അനുമാനിക്കാം=ഊഹിക്കാം. സൈന്ധവനാഗരികന്മാർ=സിന്ധുനദീതീരവാസികളായ പരിഷ്കൃതന്മാർ. പ്രതിരൂപം=പ്രതിബിംബം. പൂജ്യാപൂജ്യങ്ങൾ=പൂ

ജ്യന്മാർക്കും പൂജിക്കത്തക്കവ. തുടക്കം=ആരംഭം. അന്തിക്കതിരുകൾ=അവസാനരശ്മികൾ. പ്രാകൃതസമ്പ്രദായം=അപരിഷ്കൃതസമ്പ്രദായം. സമകാലികങ്ങൾ=ഒരേകാലത്തുള്ളവ. കൊള്ളക്കൊടുക്കകൾ=കൊടുക്കൽവാങ്ങലുകൾ. മനോവികസനവ്യാപാരങ്ങൾ=മനസ്സിനെ വികസിപ്പിക്കുന്ന പ്രവൃത്തികൾ. നിർമ്മാണവൈഭവം=സൃഷ്ടിമാഹാത്മ്യം. പ്രാഗ്രൂപം=പഴയരൂപം. കങ്കാളം=അസ്ഥിക്കൂട്. സങ്കലനം=കലർപ്പ്. ഭാഗഭാക്കാക്കുക=പങ്കുകൊള്ളുക. ഐകരൂപ്യം=ചേർച്ച (ഏകരൂപത്വം)

1. സംസ്കാരം എന്നാൽ എന്ത്? അതിന്റെ വളർച്ചയുടെ സ്വഭാവം എന്ത്?

2. മാനവസംസ്കാരത്തിന്റെ ആരംഭം എവിടെയാണെന്നു കാരണസഹിതം പറയുക.

3. മാനവസംസ്കാരത്തിന്റെ ആരംഭത്തിൽ മനുഷ്യരുടെ താമസം എവിടെയായിരുന്നു? കാരണം പറക.

4. ആദിമ സം സംസ്ക്കാരത്തിന്റെ പ്രണേതാക്കളെപ്പറ്റി ചരിത്രാന്വേഷകരുടെ അഭിപ്രായം എന്ത്?

5. സൈന്ധവസംസ്കാരം എന്നാൽ അർത്ഥമെന്ത്?

6. മാർഷലിന്റെ ഗവേഷകസംഘം കണ്ടുപിടിച്ചതെന്ത്? അതിന് എന്തു പഴക്കമുണ്ടെന്നാണ് വിദഗ്ദ്ധന്മാർ അഭിപ്രായപ്പെടുന്നത്?

7. മോഹൻജോദാരോ എന്ന പ്രാചീനനഗരത്തെപ്പറ്റി ഒരു ചെറിയ വിവരണം എഴുതുക.

8. "നാലയ്യായിരം കൊല്ലങ്ങൾക്കു മുമ്പു ജീവിച്ചിരുന്ന മനുഷ്യന്റെ സംസ്കാരമാണ് മോഹൻജോദാരോ വെളിപ്പെടുത്തുന്നത്"—സംസ്കാരങ്ങൾ ഏതെല്ലാം?

9. മോഹൻജോദാരോ നഗരത്തിലെ ഗൃഹങ്ങളുടെ സ്ഥിതിയെന്തായിരുന്നു? അവിടത്തെ ജനങ്ങളുടെ ആഹാരപദാർത്ഥങ്ങളെ

പ്പററിയുള്ള അനുമാനങ്ങൾ എന്തെല്ലാം? ഏതെല്ലാം തരത്തിലുള്ള പാത്രങ്ങളാണു് അവർ ഉപയോഗിച്ചു വന്നിരുന്നതു്?

10. സൈന്ധവനാഗരികന്മാരുടെ ആരാധനാമൂർത്തികൾ, കച്ചവടം, കൈത്തൊഴിൽ, കലാജ്ഞാനം, ഭാഷ—ഇവയെപ്പററിയുള്ള ഊഹങ്ങൾ എങ്ങനെ?

11. മിശ്രവർഗ്ഗമാണു് മോഹൻജോദാരോയിൽ പാർത്തിരുന്നതെന്നു് അനുമാനിക്കുവാൻ കാരണമെന്തു്?

12. ജനതകൾക്കും സംസ്കാരങ്ങൾക്കും ആദ്യം ഐകരൂപ്യം കാണപ്പെട്ടതു് എവിടെ?

---

# 20 ഭാരതസംസ്കാരം.

പല നല്ല കവിതകളും ഉപഹാരമായി സമർപ്പിച്ചു് കൈരളിയെ ആരാധിച്ചുപോരുന്ന യുവകവികളിൽ ഒരാളാണു് ശ്രീ. പാലാ നാരായണൻ നായർ. ഭാരതീയരുടെ പ്രാചീന സംസ്കാരത്തേയും അതിനു് ഇന്നു വന്നിട്ടുള്ള മാററത്തേയും പററി അദ്ദേഹം ഈ കൃതിയിൽ സരസമായും വിജ്ഞാനപ്രദമായും പ്രതിപാദിച്ചിട്ടുള്ളതു് എത്രയും ഹൃദയാവർജ്ജകമായിട്ടുണ്ടു്.

സംസ്കാരം=ശുദ്ധീകരണം. ദീപ്തി=ശോഭ. സംസ്കാരദീപ്തി=സംസ്കാരത്തിൻെറ ശോഭ. പ്രഭാതത്തിൽ സൂര്യകിരണം ജനങ്ങളെ നിദ്രയിൽ നിന്നു് ഉണർത്തുന്നതുപോലെ ഭാരതസംസ്കാരത്തിൻെറ ശോഭ ലോകത്തിനു പൊതുവെ ഒരു നവചൈതന്യം നൽകി എന്നർത്ഥം) ആത്മീയം=തന്നെ സംബന്ധിച്ചതു്. വ്യാസവാൽമീകിമാർ=വ്യാസനും വാൽമീകിയും. (ഭാരതകർത്താവായ വ്യാസനും വാൽമീകിയും) സാഹിതീസാരം=സാഹിത്യത്തിൻെറ സാരം. ഇരമ്പി=മുഴങ്ങി. കാവ്യമോഹിനി=കാവ്യമാകുന്ന സുന്ദരി. വാനേ

ളം=ആകാശം വരെ, ദേവലോകംവരെ. പൊന്തി=പൊങ്ങി. വൈജയന്തി=കൊടിക്കൂറ. ഭാസുരഭൂഷണം=ശോഭയുള്ള ആഭരണം. ചാർത്തി=അണിഞ്ഞു. ധരിത്രി=ഭൂമി. ചാരിത്ര നക്ഷത്രഭംഗി—ചാരിത്രമാകുന്ന നക്ഷത്രത്തിന്റെ ഭംഗി. ചാരിത്രം=പാതിവ്രത്യം, ശീലഗുണം. സീതാസാവിത്രിമാർ=ശ്രീരാമപത്നിയും, ജനകപുത്രിയുമായ സീതയും, സത്യവാന്റെ ഭാര്യയും, യമനിൽ നിന്നു് ഭർത്താവിന്റെ ജീവനെ തിരിയെ വാങ്ങിയവളുമായ സാവിത്രിയും. സീതാസാവിത്രിമാർ പാതിവ്രത്യം, സത്യം എന്നിവയ്ക്കു സുപ്രസിദ്ധമാതൃകകളാണു്) പാരത്രികോദയം=പരലോകസംബന്ധിയായ സൗഭാഗ്യം. ബുദ്ധഭാരതം=ഉണർത്തപ്പെട്ട ഭാരതം, ബുദ്ധമുനിയുടെ ഭാരതം. കോൾമയിർക്കൊണ്ടു=രോമാഞ്ചം അണിഞ്ഞു (സന്തോഷിച്ചു). മാധവകാലം=വസന്തം. ശ്രീകൃഷ്ണന്റെ കാലം എന്നും. തഴച്ചു=വർദ്ധിച്ചു. ഗീതാമാധുരി=ഭഗവത് ഗീതയുടെ മധുരത. മാധുരി=മാധുര്യം, മദ്യം. വേണു=ഓടക്കുഴൽ. നിനാദം=ശബ്ദം പരമാണു—അതിസൂക്ഷ്മമായ വസ്തു. (ഏറ്റവും ചെറിയ പൊടി) തിരിക്കാൻ=വിളങ്ങിക്കാൻ=ചക്രവാളം=ഭൂമിയെ ചുറ്റിട്ടുള്ള ഒരു പർവ്വതം (മണ്ഡലം) സംക്രമിച്ചു=കടന്നു. അഭംഗം=തടവുകൂടാതെ (വെള്ളത്തിലെ ഓളംകൂടാതെ) നവ്യസായൂജ്യഗംഗാതരംഗം=പുതിയ മോക്ഷമാകുന്ന ഗംഗയിലെ തിരമാല.

കാലം....മറഞ്ഞു=പഴയ കാലം ക്രമേണ വ്യത്യാസപ്പെട്ടു. ലോക മറിഞ്ഞു=ലോകസ്ഥിതിക്കും മാറ്റംവന്നു. കോളം.. കാറ്റമായി=അസ്വാസ്ഥത വർദ്ധിച്ചു. യുദ്ധ....മായി=യുദ്ധത്തിന്റെ ഒരുക്കങ്ങൾ എവിടെയും ആരംഭിച്ചു. നീതി.......തകർന്നു=നീതി അസ്തമിച്ചു. ഹിംസ....എടുത്തു=വധവും കൊലയുമായി ഭരണരീതി. രക്താപം..നടപ്പു=തന്നിഷ്ടമാകുന്ന രാക്ഷസൻ മനുഷ്യരെ ചീന്തി രക്തംകുടിച്ചു് അലറിനടന്നുതുടങ്ങി. സത്യം....താണു=സത്യത്തിനു ഹാനി നേരിട്ടു. ഭൂമിയിൽ ക്ഷേമവും. സുഖവും ഇല്ലാതായി. മർത്ത്യനെ....മുഴുത്തു=മനുഷ്യർക്കു തമ്മിൽ സ്നേഹമില്ലാതെ

യി. ബലവാൻ പാവപ്പെട്ടവരെ ഉപദ്രവിക്കുക സാധാരണമായി. സ്നേഹ..പിടിച്ചു=സ്നേഹഭാവം പോലും കാണാതായി. ധനാർജ്ജനത്തിൽ ആഗ്രഹം വർദ്ധിച്ചുവ്യാപിച്ചു. പോഷം...നടുവിൽ=സമ്പത്തു കൈക്കലാക്കുവാനുള്ള സകലരുടേയും ശ്രമംനിമിത്തം രാജ്യത്തിന്റെ അഭിവൃദ്ധി നശിച്ചുപോയി. പട്ടിണി..കിടപ്പു=പട്ടിണിനിമിത്തം മനുഷ്യർമൃതപ്രായരായി. സംഭ്രമി..പതിച്ചു=ധർമ്മം പരിഭ്രമിച്ച് അപ്രത്യക്ഷമായി. ഭൗതിക...ചെയ്തു. ആദ്ധ്യാത്മികശക്തി ക്ഷയിക്കുകയും പഞ്ചഭൂതസംബന്ധമായ ശക്തി വർദ്ധിച്ച് ഭയങ്കരനൃത്തം ആരംഭിക്കുകയുംചെയ്തു. ഭൗതികശക്തി=പൈശാചികമായ ശക്തി. നിർദ്ദയമീനില=നിർദ്ദയമായ അവസ്ഥ. പരമുല്ലസൽകാഹളകളം=അത്യധികമായ സന്തോഷത്തെ സൂചിപ്പിക്കുന്ന കാഹളശബ്ദം. അല്ലിലടിഞ്ഞുള്ള ലോകം=അന്ധകാരത്തിൽ (അജ്ഞാനത്തിൽ) ആണ്ടു കിടന്നിരുന്ന ജനങ്ങൾ. തുള്ളിത്തുളുമ്പിയുണരാൻ=സന്തോഷഭരിതരായി ഉണർന്നെഴുന്നേല്ക്കുവാൻ.

1. പണ്ടത്തെ ഭാരതസംസ്കാരത്തെപ്പറ്റി സ്വന്തം വാക്യത്തിൽ വിവരിച്ചെഴുതുക.

2. ഭാരതത്തിന്റെ ഇന്നത്തെ സ്ഥിതിയെപ്പറ്റി കവിയുടെ അഭിപ്രായം എന്ത്?

3. ഭാരതത്തിന്റെ ഭാവിശോഭനമാണെന്നു കവി എങ്ങനെ നിർണ്ണയിക്കുന്നു?

# 21. ജനസമുദായാരോഗ്യം

മനുഷ്യന് അവശ്യം വേണ്ടതു് ആരോഗ്യമാണു്. ആരോഗ്യമില്ലാത്ത മനുഷ്യന്റെ ജീവിതം കൊണ്ടു യാതൊരു പ്രയോജനവുമില്ല. അതിനാൽ ആരോഗ്യരക്ഷാമാർഗ്ഗങ്ങൾ ജനങ്ങളെല്ലാവരും അറിഞ്ഞിരിക്കേണ്ടതു് ആവശ്യമാണു്. അവയെപ്പററിയാണു് ഈ പാഠത്തിൽ വിശദമായി പ്രതിപാദിച്ചിരിക്കുന്നതു്.

പരിഹാസ്യം=പരിഹസിക്ക (ആക്ഷേപിക്ക) ത്തക്കതു്. മഹനീയം=വന്ദ്യം, ശ്രേഷ്ഠം. മഹിമ=മാഹാത്മ്യം. ശമനമാർഗ്ഗം=ശമിപ്പിക്കുന്നതിനുള്ള മാർഗ്ഗം. നിവാരണമാർഗ്ഗം=തടയുവാനുള്ള മാർഗ്ഗം. ആദരണീയം=ആദരിക്കപ്പെടേണ്ടതു്. ശുചിത്വം=ശുചിയായിരിക്കുന്ന അവസ്ഥ. വ്യായാമം=അഭ്യാസം. അതിലംഘിക്കുക=അതിക്രമിക്കുക (കടക്കുക). ജാനപദന്മാർ=ജനപദത്തിലുള്ളവർ. ഹിംസ്രമൃഗങ്ങൾ=ക്രൂരമൃഗങ്ങൾ. അമോഘം=വിലയേറിയതു് ഫലമുള്ളതു്. വൈരി=ശത്രു. നയനഗോചരമല്ലാത്ത=കണ്ണിനു വിഷയമല്ലാത്ത. സംക്രമിക്കുക=പ്രവേശിക്കുക, കടക്കുക. അപരിഹാര്യം=പരിഹരിക്കാൻ പാടില്ലാത്തതു്. ജീവഹരങ്ങൾ=ജീവനെ ഹരിക്കുന്നവ. വിഫലം=ഫലമില്ലാത്തതു്. അപമൃത്യു=ദുർമ്മരണം. വിഷൂചികാപ്രഭൃതികൾ=വിഷൂചിക തുടങ്ങിയവ. വിസ്മരിക്കുക=മറക്കുക. സങ്കേതം=രക്ഷാസ്ഥലം. നിയന്ത്രിക്കുക=അടക്കുക. തുലോം=ഏററവും. സന്നിവേശം=സാമീപ്യം, കൂട്ടം. നിബിഡമായി=തിങ്ങിക്കൂടി. ആരാമം=ഉദ്യാനം. ക്രീഡാസ്ഥാനം=കളിസ്ഥലം. മൂത്രപുരീഷാദികൾ=മൂത്രം മലം മുതലായവ. വ്യവസ്ഥ=ഏർപ്പാടു്. ജലനിർഗ്ഗമമാർഗ്ഗങ്ങൾ=വെള്ളം നിശ്ശേഷം വാർന്നു പോകുന്നതിനുള്ള മാർഗ്ഗങ്ങൾ. ഭക്ഷ്യപദാർത്ഥങ്ങൾ=ആഹാരസാധനങ്ങൾ. ചോദനകൾ=പ്രേരണകൾ.

1. ആരോഗ്യരക്ഷയ്ക്കു ജനങ്ങൾ ആശ്രയിക്കുന്നമാർഗ്ഗങ്ങൾ എന്തെല്ലാം? അവയുടെ സ്വഭാവം എന്തു്? അവയിൽ അധികം സ്വീകാര്യം ഏതു്?

2. ആരോഗ്യവിധികൾ ഏവ? അവയെ അതിലംഘിച്ചാലുള്ള ദോഷം എന്തു്?

3. മനുഷ്യരുടെ പൂർവ്വകാലശത്രുക്കൾ ഏവ? അവയെപ്പററിയുള്ള ഭയം എങ്ങനെ നീങ്ങി?

4. മനുഷ്യരുടെ ഇപ്പോഴത്തെഭയങ്കര ശത്രുക്കൾ ഏവ? ഇവ വരുത്തിക്കൂട്ടുന്ന അനർത്ഥങ്ങൾ എന്തെല്ലാം? അവയെ പരിഹരിക്കുവാനുള്ള ഉപായമെന്തു ?

5. സാംക്രമികരോഗങ്ങൾവ്യാപിക്കുന്ന വിധവും,അവയെ തടയുന്നതിനുള്ള ഉപായങ്ങളും എന്തെല്ലാം?

6. ബഹുജനാരോഗ്യത്തിനായി ചെയ്തുവരുന്ന ഏർപ്പാടുകൾ എന്തെല്ലാം?

7. ആരോഗ്യരക്ഷാവിഷയത്തിൽ നാം പ്രത്യേകം ശ്രദ്ധിക്കേണ്ട വിഷയങ്ങൾ ഏവ?

---

# 22. അമ്മുവിന്റെ ആട്ടിൻകുട്ടി

“പൂമൊട്ടു” മുതലായ അതിസാരസങ്ങളായ പല ബാലകൃതികളും കൈരളീദേവിയ്ക്കു കാഴ്ചവച്ചു കേരളീയരുടെ സമാദരത്തിനുപാത്രമായിട്ടുള്ള ഒരു കവിശ്രേഷ്ഠനാണു് ശ്രീ. കെ. എസ്. കെ. തളിക്കുളം അദ്ദേഹത്തിന്റെ അത്തരം കൃതികളിൽ നിന്നു് എടുത്തു ചേർത്തിട്ടുള്ളതാണു് “അമ്മുവിന്റെ ആട്ടിൻകുട്ടി” എന്ന ഈ പാഠം. അതി

വാത്സല്യത്തോടെ വളർത്തിയിരുന്ന തന്റെ ആട്ടിൻകുട്ടിയെ അച്ഛൻ വിററുകളഞ്ഞവിവരം അറിഞ്ഞപ്പോൾ ഒരു പെൺകുട്ടിക്കുണ്ടായ അതിരുകവിഞ്ഞ സങ്കടത്തെ വർണ്ണിച്ചു് സമസൃഷ്ടിസ്നേഹത്തിന്റെ മാഹാത്മ്യത്തെ വെളിപ്പെടുത്തുകയാണു കവി പാഠത്തിൽ ചേർത്തിട്ടുള്ളതു്.

പുത്തൻവളയണിപ്പൂവൽക്കരങ്ങൾ=പുതിയ വളകൾ അണിഞ്ഞ മനോഹരങ്ങളായ കൈകൾ. വികൃതി=സ്വഭാവത്തിനുള്ള മാററം (ഗോഷ്ടി) കൃപ്=ദയ. സസ്യങ്ങൾ=ചെടികൾ. പൈതൽ=ശിശു. കുഞ്ഞു്. അഭീഷ്ടം=ആഗ്രഹം. ഇമ്പം=ഇഷ്ടം. പിഞ്ചുതല=ഇളതായ തല. പാവനശീല=പരിശുദ്ധമായ സ്വഭാവത്തോടുകൂടിയവൾ. അവ്യക്തമായ്=അസ്പഷ്ടമായ്. അതിദീനമായ്=അധികം ദയ തോന്നത്തക്കവണ്ണം "ഇന്നമ്മയെന്നെ.......നിലവിളിച്ചു." ഇത്രയുംഭാഗം അമ്മുവിനു് ആട്ടിൻകുട്ടിയോടുള്ള ആത്മനിർവിശേഷമായ സ്നേഹത്തെ വെളിപ്പെടുത്തുന്നവയാണു്.

"അവ്യക്തമായതി.......നിലവിളിച്ചു. ഈ രണ്ടുവരി ആട്ടിൻകുട്ടിക്കു് അമ്മുവിനോടുള്ള സ്നേഹാതിരേകത്തെയാണു കാണിക്കുന്നതു്. വിദ്യാലയം=പാഠശാല, പള്ളിക്കൂടം. ചിത്തം=മനസ്സ്, ഹൃദയം. വിദ്യാലയത്തിങ്കലെത്തിനാളെങ്കിലും.......എറിഞ്ഞുടനും— ഈ വരികൾ ആട്ടിൻകുട്ടിയെപ്പററിയുള്ള അമ്മുവിന്റെ വിചാരത്തെയും, അതിനെ വേർപിരിഞ്ഞതിലുള്ള സങ്കടത്തേയും, ഗൃഹത്തിൽ മടങ്ങിച്ചെല്ലുന്നതിനുള്ള വെമ്പലിനേയും വെളിവാക്കുന്നുണ്ടു്.

ബാലികാവൃന്ദം=ബാലികമാരുടെ കൂട്ടം. ബാലൻ സ്ത്രീലിംഗം ബാലിക. ബാലകൻ സ്ത്രീലിംഗം ബാലിക. അമ്മിഞ്ഞപ്പാൽ=മുലപ്പാൽ. അമ്മിഞ്ഞപ്പാലിനു.....നീങ്ങുന്നു— ഈ ഭാഗം അമ്മുവിനു് ആട്ടിൻകുട്ടിയോടുള്ള വാത്സല്യാതിരേകത്തേയും, ഔൽസു

കൃത്തേയും, അതിനെ കാണാത്തതിലുള്ള ആശങ്കയേയും സംഭ്രമത്തേയും വ്യഞ്ജിപ്പിക്കുന്നു. "വെമ്പേണ്ട വെമ്പേണ്ട........ഒളിച്ചിരിക്കാം—ഈ വരികൾ സംഭ്രമചിത്തയായ അമ്മുവിനെ കവിസാന്ത്വനം ചെയ്യുന്നവയത്രേ. ജാനുവിൻ ചിത്തം...താങ്ങിനിൽക്കും=അമ്മുവിന്റെ അനുജത്തിയായ ജാനുവിന്റെ ഹൃദയം എത്രനേരം ഈ സങ്കടം സഹിക്കുവാൻ ശക്തമാകും. മെയ്യ്=ശരീരം. വാടി=തളർന്ന് അയ്യോ....വീണു=വത്സലനായ ആട്ടിൻകുട്ടിയെ അച്ഛൻ വിററ വിവരം അറിഞ്ഞമാത്രയിൽ അമ്മു ഹൃദയം തകർന്നു മൂർച്ഛിച്ചു നിലത്തുവീണുപോയി. നിർവ്യാജമായ സ്നേഹത്തിന്റെ യഥാർത്ഥസ്വഭാവത്തെ ഇതിൽ കൂടുതൽ ഭംഗിയായി വെളിപ്പെടുത്തുക പ്രയാസം തന്നെയാണ്.

1. തടഞ്ഞുനിർത്തുന്ന ആട്ടിൻകുട്ടിയെ അമ്മു ആശ്വസിപ്പിക്കുന്നതെങ്ങനെ?

2. ആട്ടിൻകുട്ടി അമ്മുവിനോടു സങ്കടം അറിയിക്കുന്ന വിധത്തെ കവി എങ്ങനെ വെളിപ്പെടുത്തിയിരിക്കുന്നു?

3. ആട്ടിൻകുട്ടിയോടു് അമ്മുവിനുള്ള സ്നേഹാതിരേകത്തെ കവിവാക്യങ്ങൾ ഉദ്ധരിച്ച് സ്വന്തം വാക്യത്തിലെഴുതുക.

4. ഈ പാഠംവഴിയായി കവി വെളിപ്പെടുത്തിയിട്ടുള്ള ആശയം വിശദമാക്കുക.

# 23. വിയർക്കാതെ അപ്പം

ഒരു രാജ്യത്തിന്റെയും, സമുദായത്തിന്റേയും ക്ഷേമം ആ രാജ്യത്തിൽ അധിവസിക്കുന്ന സമുദായാംഗങ്ങളുടെ വേലചെയ്യുന്നതിലുള്ള താൽപര്യത്തെയാണ് അധികവും ആശ്രയിച്ചിരിക്കുന്നത്. ജോലിക്കാരായ ആളുകളെക്കൂടാതെ യാതൊരു സമൂഹത്തിനും രാജ്യത്തിനും പുലരാൻ സാധ്യമല്ല. വിയർക്കാതെ അപ്പം തിന്നാൻ തിടുക്കപ്പെടുന്നവരും, കൈനനയാതെ മീൻ പിടിപ്പാൻ ആവേശംകൊള്ളുന്നവരുമാണ് ഇന്നത്തെ ആളുകളിലധികവും. അവർ വല്ലവരും പണിപ്പെട്ടു സൃഷ്ടിച്ചതിനെ ജാലവിദ്യക്കാരപ്പോലെ ഇട്ടു മറിച്ചും, തിരിച്ചും, മാറിയും, കരിംചന്തയിൽ ഒളിച്ചു ഇടലാഭം തട്ടാൻ ആഗ്രഹിച്ചു പരക്കം പായുന്നവരാണ്—അവർ രാജ്യത്തിനും സമുദായത്തിനും ദോഷമാണ ചെയ്യുന്നത്. സ്വന്തം കൈകൊണ്ടു വേലചെയ്തുണ്ടാക്കുതിനാണ് മറ്റെല്ലാററിനേയുംകാൾ ശ്രേഷ്ഠത. അവരാണ് രാജ്യത്തേയും, സമുദായത്തേയും സ്നേഹിക്കുന്നവർ—അവരെക്കൊണ്ടു മാത്രമേ രാജ്യത്തിനും സമുദായത്തിനും അഭിവൃദ്ധിയുണ്ടാകയുള്ളു, ഈ ആശയമാണ് "വിയർക്കാതെഅപ്പം" എന്ന പാഠത്തിൽ ഏകാങ്ക നാടകകർത്താവു് വിശദമാക്കിയിരിക്കുന്നതു്.

സരോരുഹം=താമര. മുത്തുമാല=രത്നമാല. കൗസ്തുഭമണി=കൗസ്തുഭംഎന്ന രത്നം. ഗളം=കഴുത്തു്. ചമ്മട്ടി=ചാട്ട കരതലം=കൈത്തലം. അമ്മായിപ്പാട്ടു്=അമ്മായിമാർപാടാറുള്ള പാട്ടു്—കർണ്ണപർവം=മഹാഭരത്തിലെ ഒരു പർവം, ഗാന്ധാരി=ധൃതരാഷ്ട്രരുടെ ഭാര്യ. കൗരവന്മാരുടെ മാതാവു്. വിലാപം=കരച്ചിൽ—അസ്സലായിട്ടുണ്ടു്=വളരെ നന്നായിട്ടുണ്ടു്. ഓണംകേറാമൂല=ഒഴിഞ്ഞകോണ്—വിയർക്കാതെ....തിടുക്കം=വേലചെയ്യാതെ സുഖം നേടുവാനുള്ള മോഹം—കൈ....ആവേശം=മുതൽമുടക്കാതെ ആദായം എടുക്കാനുള്ള

പരിഭ്രമം. കരിംചന്ത=കള്ളക്കച്ചവടം—പരക്കം പായുക=ശ്രമപ്പെടുക. ഭൂരിപക്ഷം=അധികമാളുകളുടെ അഭിപ്രായം—(അധികം ആളുകളും). വിതരണംചെയ്യുക=കൊടുക്കുക. പുലരുക=വളരുക.

1. പഴമക്കാരെപ്പററിയുള്ള ഇന്നത്തെ പരിഷ്കാരികളുടെ അഭിപ്രായം എന്ത്?

2. മീനുവും അവളുടെ ജ്യേഷ്ഠനും തമ്മിൽ നടന്ന സംഭാഷണത്തിൽനിന്ന് നിങ്ങൾ എന്തു ഗ്രഹിക്കുന്നു?

3. ചൊക്കലിംഗ ഗൗണ്ടർ വന്നതെന്തിന്? അയാളുടെ ഉദ്ദേശം എങ്ങനെയായി? അവരുടെ സംഭാഷണവിഷയത്തിൽ നിന്ന് വെളിപ്പെടുന്നതെന്ത്?

4. അച്ഛനും മകനും തമ്മിൽ നടക്കുന്ന സംഭാഷണം സ്വന്തം വാകൃത്തിൽ ചുരുക്കിയെഴുതുക. അവർ ഇരുവരുടേയും അഭിപ്രായങ്ങൾക്കുള്ള വ്യത്യാസം എന്ത്?

5. മകനെ അനുസരിപ്പിക്കുവാൻ അച്ഛന് സാധിച്ചതെങ്ങനെ?

6. ഈ പാഠത്തിൽനിന്ന് നിങ്ങൾ പഠിക്കുന്ന ഗുണപാഠം എന്ത്?

---

Printed at the Star press Tvm.